മലങ്കര

# വിദ്യാർത്ഥി

പുസ്തകം 7 | 1103 ചിങ്ങം | ലക്കം 1

## നവവത്സരമംഗളം

(കേക)

കഴിഞ്ഞവത്സരത്തിൽ പക്ഷങ്ങളിലശ്രാന്തെ
വഴിഞ്ഞമോദത്തോടു വർഷാകാലത്തുപോലും
പഴഞ്ഞി കോഴിക്കോടു മുതലാം ദേശങ്ങളിൽ
കുഴഞ്ഞുപോകാതെത്തി, മാസികാകോകിലമേ!
നിറഞ്ഞമധുരസം ചിന്നുന്ന നിൻസ്വരം നീ
മറന്നുപോകരുതുള്ള മോഹനരാഗങ്ങളിൽ
കുറഞ്ഞ ജനതക്കും കേൾപ്പിച്ചതിപ്രയത്നം
മറന്നുവരികയില്ലിബ്ഭൂമിനില്ക്കുംകാലം.
പൈദാഹം സഹിച്ചയ്യോ പരിചുനിന്നക്കൊടു-
പൈപോലുംതരാത്തുള്ള കംസരുണ്ടോനാട്ടിൽ?
അവർതൻമനഃകാഠിന്യത്തിന്നുനന്ദിചൊൽവാ-
നവനീപാസിയെവരി ബേതസ്ബൂഃബത്രേശകൻ.
എങ്കിലുംഗണിക്കേണ്ടാനിന്റെകൃത്യമെല്ലാം
ശങ്കയെന്നിയെ ചെയ്തുകൊള്ളുക നിഷ്കാമമായ്.
മുഴുത്തുവന്ന മതസിദ്ധാന്തം പരത്തുവാ-
നുഴിഞ്ഞുകെട്ടിപ്പലരുണ്ടിവിടിരിക്കുന്നു.
സ്വവിശേഷാനുസൃതവചസ്സുചൊല്ലിയവി-
ക്കവിവേകിത നീക്കാൻ ശ്രമിക്ക, ഭ്രമിക്കൊല്ലാ.
ലളിതതരമായെനിന്റെ പുണ്ട്കൊണ്ടു്
കലിതലക്ഷ്യാ സ്തോത്രപുഷ്പമൊന്നെടുത്തുനീ
അർപ്പിക്ക സർവ്വേശന്റെ പാദതാരതിൽ കരു-
ണാബ്ധിസ്സാമവൻ നിന്നെക്കാക്കുമീ നവവർഷേ.

# സഹസ്രാബ്ദം.

"ജയിക്കുന്നവന്നു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും; ഞാനും ജയിച്ചു എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നെ." വെളി 3: 20.

"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാകുന്നു; അവരുടെമേൽ രണ്ടാംമരണത്തിന്നു അധികാരമില്ല. അവർ ദൈവത്തിന്നും ക്രിസ്തുവിന്നും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടി ആയിരം ആണ്ടു വാഴും." വെളി 20: 6.

മേൽകാണുന്ന വാക്യങ്ങളിലും ആശീർവ്വചനങ്ങളിലും കർത്താവായയേശു തന്റെ അനുഗാമികൾ ഭാവി ലോകത്തിൽ അനുഭവിപ്പാൻ വിലയ്ക്കു വാങ്ങിയിട്ടുള്ളതും, വാഗ്ദാനം ചെയ്തിട്ടുള്ളതുമായ സകലമഹത്വവും, ഐശ്വര്യവും, അനുഗ്രഹങ്ങളും അടങ്ങിയിരിക്കുന്നു.

മാനവും മാഹിമയും ഉള്ളതും, സൌഭാഗ്യവും ജയവും നിറഞ്ഞതുമായ ഒരു സ്ഥിതിയിൽ മനുഷ്യൻ എത്തീട്ടില്ലല്ലോ. നാമുള്ള ഈ ലോകത്തിൽ അതു സാധിക്കുന്നതുമല്ല. അതിനാൽ ഈ പദവി ദൈവജനങ്ങൾക്കു വരുവാനുള്ള ലോകത്തിൽ ലഭിക്കുന്നതും അനുഭവിക്കാവുന്നതുമാകുന്നു.

ഈ പ്രസംഗങ്ങളിൽനിന്നു നിങ്ങൾക്കു മനസ്സിലാകും പ്രകാരം വേദവാക്യങ്ങൾ ഈ ഉൽകൃഷ്ടമായ അനുഭവത്തെക്കുറിച്ചു സമൃദ്ധിയായി വെളിപ്പെടുത്തുന്നുണ്ടു. ബൈബിൾ കേവലം കഴിഞ്ഞകാലത്തുള്ള മനുഷ്യപ്രവർത്തനങ്ങളുടേയും ദൈവപ്രവർത്തനങ്ങളുടേയും ഒരു രേഖയോ, വർത്തമാനകാലത്തു ജീവിക്കുന്നവരുടെ കൃത്യങ്ങളുടേയും ചുമതലകളുടേയും വെളിപ്പാടോ അല്ല. പിന്നെയോ, അതു നിശ്ചിതമായ ശബ്ദത്തിൽ കർത്തൃപ്രവർത്തനം, മനുഷ്യന്റെ ഭാവ്യനുഭവങ്ങൾ, വരുവാനുള്ള മഹിമയേറിയ വിശ്രമം എന്നിവയുടെ ഉൽഘോഷണമത്രെ.

ഈ വാക്യങ്ങളെ അവയുടെ സാരാംശത്തോടും അവയിൽ അടങ്ങിയിരിക്കുന്ന ഉപദേശത്തിന്റെ ശരിയായ വിചിന്തനത്തോടുംകൂടി ഏതദ്വിഷയകമായ മററനേകവാക്യങ്ങളോടു ഒത്തുനോക്കി സശ്രദ്ധം പഠിക്കയാണെന്നിരുന്നാൽ അവയുടെ നിവൃത്തി ക്രിസ്തുവിന്റെ രണ്ടാംവരവിലും അതിന്റെ അനന്തരഘട്ടത്തിലും ആയിരിക്കുമെന്നു പ്രസ്പഷ്ടമായി വ്യക്തപ്പെടും.

പ്രസ്തുതപ്രസംഗത്തിന്റെ ഉപരിഭാഗത്തുള്ള ആദ്യവാക്യം താഴെവരുന്നതും വളരെ പ്രാധാന്യമുള്ളതുമായ സംഗതികളെ ചൂണ്ടിക്കാണിക്കുന്നു. അതാവിതു:

1. ഈ ലോകത്തിൽ മനുഷ്യൻ ക്രിസ്തുവിനോടുകൂടി വാ

തകകുവണ്ണം ഉള്ള നിലയിലല്ല ഇപ്പോൾ സ്ഥിതിചെയ്യുന്നത്. ദ്യമായി അവൻ പാപത്തെ ജയിക്കണം. അനന്തരം അവൻ മത്തെ ഉയിർപ്പിൽ മരണത്തിന്മേൽ ജയംകൊള്ളണം.

2. മനുഷ്യസ്വഭാവംധരിച്ച ക്രിസ്തു തന്റെ കഷ്ടങ്ങളാലും, മ ണത്താലും, ഉയിർപ്പിനാലും പാപമരണങ്ങളെ ജയിക്കയും, സ്വന്ത ചിന്തി മധ്യസ്ഥനായി സ്വർഗ്ഗത്തിലേക്ക പ്രവേശിച്ചതിനാൽ പാപമോചനം ലഭിക്കുന്നതിനും ലോകത്തെ ജയിക്കുന്നതിനും ത ന്റെ പ്രത്യാഗമനത്തിൽ മരണത്തിന്മേൽ ജയവും നിത്യജീവ ൻ നൽകുന്നതിനും വഴിയൊരുക്കുകയും ചെയ്തിരിക്കുന്നു.

3. ക്രിസ്തു ഇപ്പോൾ സ്വർഗ്ഗത്തിലുള്ള തന്റെ പിതാവിന്റെ സിംഹാസനത്തിൽ ഇരിക്കുന്നു. സ്വന്തം സിംഹാസനത്തിലല്ല.

4. ഇനിമേൽ ക്രിസ്തു തന്റെ സിംഹാസനത്തിൽ ഇരിക്കേണ്ട താണ്. അതിനെ എന്റെ സിംഹാസനമെന്ന് അവൻ വിളി ക്കുന്നു.

5. ഇവരെല്ലാം പാപങ്ങളുടെ മോചനത്തിനും, ലോകം, ജ ഡം, പിശാച് എന്നിവയുടെ മേൽ ജയം കൊള്ളുന്നതിനും ക്രി സ്തുവിനെ തങ്ങളുടെ ധർമ്മദാതാവും, ഉപദേഷ്ടാവും, യജ്ഞവും, ജീ വദാനവും, പുരോഹിതനും, ന്യായാധിപതിയും, രാജാവുമായി ക ക്കുന്നവരോ, അവർ താൻ വാഴ്ചക്കായി വരുമ്പോൾ തന്നോടു ക്രി കൂടിപ്പാർക്കും അമർത്യരായി എഴുന്നേല്പിക്കപ്പെടും. ക്രിസ്തു നമ്മുടെ പുരോഹിതനായി പിതാവിന്റെ സിംഹാസനത്തിൽ ഇരി ക്കുന്ന ഈ ഘട്ടത്തിൽ തന്റെ സിംഹാസനത്തിലല്ല താൻ ഇരി ക്കുന്നതു, തനിക്കവകാശമുള്ള സിംഹാസനത്തിലേക്ക് അവൻ യിൽ ആരോഹണം ചെയ്യേണ്ടതാണെന്നുള്ള വാസ്തവം അ നേകർ ഗ്രഹിക്കുന്നില്ല. തന്റെ ആരോഹണം ഈ ലോകത്തി ലെ ഭരണാധികാരികൾ, പ്രഭുക്കൾ, അധികാരികൾ മുതലായ സകലർക്കും ലഭിച്ചിട്ടുള്ള സകല മാനവും മഹിമയും ഒന്നിച്ചുകൂടിയാൽ എത്ര യുണ്ടോ അതിനെ കവിഞ്ഞുള്ള മാനത്തിലും മഹിമയിലും ആയി രിക്കും.

ഭരണകർത്താക്കൾ മിക്കവാറും തങ്ങളുടെ സിംഹാ സനങ്ങളെ പ്രാപിക്കയും മാന്യത ലഭിക്കയും ചെയ്തിട്ടുള്ളതു ന്യാ യമായ അവകാശമില്ലാതെയും, കലഹങ്ങൾ, യുദ്ധങ്ങൾ, രക്തച്ചൊ രിച്ചിൽ, സംഹാരം, കണക്കില്ലാത്ത മനുഷ്യപ്രമാണങ്ങളെയും, അ ക്രമങ്ങളെയും ചതികുഴികൾ എന്നിവ നടത്തിയിട്ടോ, അല്ലാ തെ തങ്ങളുടെ ഭരണകർത്താക്കളോടു തുല്യാവകാശമോ കൂട്ടവ കാശമോ ലഭിച്ചിട്ടില്ലാത്ത ജനസാമാന്യത്തിന്മേൽ കനത്ത ഭാരങ്ങ ളെയും നികുതികളെയും ചുമത്തിയിട്ടോ ആകുന്നു.

എന്നാൽ ക്രിസ്തു തന്റെ സിംഹാസനം പ്രാപിക്കുന്നത് താൻ അവകാശി ആയതുകൊണ്ടും നിത്യപിതാവിന്റെ അ

കാശം തനിക്കുള്ളതുകൊണ്ടുമത്രേ. അവൻ അതിനുള്ള യോഗ്യത
യും വലിപ്പവും തന്റെ സ്വന്ത രക്തച്ചൊരിച്ചിലാകുന്ന ജീവബലി
യാൽ സമ്പാദിച്ചിരിക്കുന്നു. ഈ യജനം മരണത്തിൽനിന്നു ത
ന്റെ പ്രജകളെ ഉദ്ധരിക്കുന്നതിനും പാപത്തിൽനിന്നു് അവരെ
ശുദ്ധമാക്കുന്നതിനും അവൎക്കു നിത്യജീവൻ സമ്പാദിച്ചുകൊടുക്കുന്ന
തിനുമത്രേ.

അവനു് ലോകമുണ്ടാകുംമുമ്പെ പിതൃസന്നിധിയിൽ മഹി
മയുണ്ടായിരുന്നു. യോഹ. 17:5 എന്നാൽ പാപംകൊണ്ടു നശിച്ച
ലോകത്തെ വീണ്ടെടുക്കാൻ അബ്രഹാമിന്റെ സന്തതിയുടെ പ്രകൃതി
അവൻ ധരിച്ചു. "തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓ
ൎത്തു് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും
ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു് ഇരിക്കയും ചെയ്തു."
ഇതു നാം ശത്രുക്കളായിരിക്കുമ്പോൾ നമുക്കുവേണ്ടി അവൻ ചെയ്ത
തത്രേ. ഇതിനും പുറമെ അവൻ നമ്മെ തന്റെ കൃപാമാൎഗ്ഗത്തെ
അംഗീകരിക്കുന്നതിനും തന്നെ വിശ്വസിച്ചു തന്റെ ഉപദേശങ്ങ
ളെ അനുസരിക്കുന്നതിനും, തന്റെ രക്തത്തിലുള്ള വിശ്വാസത്താ
ൽ പാപത്തെ ജയിക്കുന്നതിനും, അവന്റെ അഭിമതം പ്രചരിപ്പി
ക്കുന്നതിനായി അവനോടുകൂടി കഷ്ടപ്പെട്ടു് തന്റെ നിത്യവാഴ്ച
യിലും മഹത്വത്തിലും കൂട്ടവകാശികളായിരിപ്പാൻ അമൎത്യതയി
ൽ എഴുന്നേല്പിക്കപ്പെടുന്നതിനും ക്ഷണിച്ചിരിക്കുന്നു.

ഇത്ര ഉപകാരിയായ യജമാനൻ നമ്മുടെ സ്നേഹത്തിനും അ
നുസരണത്തിനും അർഹനല്ലയോ? ഈ നന്മ നമ്മെ മാനസാന്തര
ത്തിലേക്കു നടത്തേണ്ടതും, വാഴ്ചയ്ക്കുള്ള തന്റെ അവകാശത്തെ ഏവ
രും സമ്മതിച്ചു പറയേണ്ടതുമല്ലയോ? അതിനു മനസ്സില്ലാത്തവനു
തന്റെ വാഴ്ചയിൽ അവകാശമുണ്ടാവാൻ കഴിയുന്നതല്ല. തന്റെ
മഹിമയുള്ള സിംഹാസനത്തിലേക്കു കൎത്താവു കരേറുകയും, ന്യായ
വിധിയുടെ വാഴ്ച നടത്തുകയും ചെയ്യുമ്പോൾ എല്ലാ മുഴങ്കാലും മട
ങ്ങി തന്റെ അവകാശത്തിന്റെ സാധുതയെ സമ്മതിച്ചുപറകയും
സകല ശത്രുക്കളും പൊടിമണ്ണു നക്കുകയും ചെയ്യും.

യേശുവിന്റെ ജനനത്തെപ്പററി ദൂതൻ മറിയയ്ക്കു സന്ദേശം
കൊടുത്തപ്പോൾ ഇങ്ങിനെ പറഞ്ഞതായി കാണുന്നു. "അവൻ വ
ലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും;
കൎത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാ
സനം അവനു കൊടുക്കും; അവൻ യാക്കോബു് ഗൃഹത്തിനു എന്നേ
ക്കും രാജാവായിരിക്കും; അവന്റെ രാജ്യഭാരത്തിനു അവസാനം ഉ
ണ്ടാകയില്ല." ലൂക്കോ. 1:32,33.

ക്രിസ്തുവിന്റെ വാഴ്ച, (കന്യകയിൽനിന്നുള്ള ജനനം, സ്നാ
നം, മരണം, ഉയിൎപ്പു് എന്നിവപോലെ) അക്ഷരമായി സംഭവി
ക്കേണ്ടതാണു്. അവന്റെ ഭരണം തുടങ്ങുമ്പോൾ എല്ലാകാലത്തും,
എല്ലാ തലമുറകളിലും എല്ലാ ഗോത്രങ്ങളിലും, ഭാഷകളിലും, ജന

ളിലും, ജാതികളിലും നിന്നുള്ള തന്റെ ശുദ്ധിമാന്മാരായ ദൈ
ത്തിനും സഭ അതിൽ പങ്കെടുക്കുന്നതാണ്. ഈ അദ്ധ്യായത്തി
ന്റെ ആദിയിൽ കാണുന്ന രണ്ടാം വാക്യത്തിന്റെ നിവൃത്തി അ
യത്രെ. ചിരപ്രതീക്ഷിതമായ സഹസ്രാബ്ദത്തിന്റെ ആരംഭം ഈ
വിധം ലക്ഷീകരിപ്പാൻ കഴിയും. (തുടരും)

# അത്തിയും ഒലിവും

പലസ്തീനിലെ മുഖ്യ വൃക്ഷങ്ങളിൽ ഒന്നാണ് അത്തി. ഇതു
ധികം ഈറമില്ലാത്ത മണ്ണിൽ അതായതു മിക്കവാറും മണലുള്ള
പ്രദേശങ്ങളിൽ ധാരാളം ഉണ്ടാകുന്നു. ചില അത്തികൾ വളരെ
പൊക്കമുള്ളവയും അനേക ആളുകൾക്കും മൃഗങ്ങൾക്കും അതിന്റെ
കീഴിൽ ഇളപ്പാറുവാൻ തക്കവണ്ണം പടർച്ചയുള്ളവയുമാണ്. അത്തി
യുടെ കീഴിൽ അധിവസിക്കുന്നതു സമാധാനത്തിന്റേയും ക്ഷേമ
ത്തിന്റേയും ദൃഷ്ടാന്തമായി വേദപുസ്തകം പറഞ്ഞിരിക്കുന്നു. "അ
വർ ഓരോരുത്തൻ താന്താന്റെ മുന്തിരിവള്ളിയുടെ കീഴിലും അ
ത്തിവൃക്ഷത്തിന്റെ കീഴിലും പാർക്കും." (മീഖാ. 4. 4) എന്നിങ്ങ
നെ ഇസ്രായേലിന്റെ സമാധാനകാലങ്ങളെക്കുറിച്ചു മീഖാ പ്രവാച
കൻ പറയുന്നുണ്ട്. കർത്തൃസാക്ഷ്യത്തിനു പാത്രമായിത്തീർന്ന നഥാ
നിയേലും അത്തിയുടെ ചുവട്ടിൽ ഇരുന്നതായി സുവിശേഷത്തിൽ
വായിക്കുന്നു. ഭക്തന്മാരായ യഹൂദന്മാർ പ്രാർത്ഥനാധ്യാനങ്ങൾക്കായി
അത്തിച്ചുവട്ടിൽ പോയിരിക്ക പതിവായിരുന്നു എന്ന് ഇതുകൊണ്ടു
നമുക്കു മനസ്സിലാക്കാം. (യോഹ. 1:47-50.) ഈ വിശിഷ്ടമരം ത
ളിർക്കുന്നതു സാധാരണ മാർച്ചുമാസത്തിന്റെ അവസാനത്തോടുകൂടി
യാണ്. അത്തി മൂന്നുതരമാണെപ്പോൾ അതിൽ ഒരുതരം ബിക്കൂ
റാ അഥവാ ബൊക്കോർ എന്നു വിളിക്കപ്പെടുന്നു. ഈതരം വൃക്ഷങ്ങ
ൾ ആദ്യമെകാച്ചു അത്തിപ്പഴം തരുന്നു. [യിരമ്യ. 24: 2. ഹോശ
: 10.] വേറൊരുതരം ദവേലാ ആണ്. ഇതു വേനല്ക്കാലത്തു കാ
യ്ക്കുകയും ഓഗസ്റ്റ് മാസത്തിൽ പഴുക്കുകയും ചെയ്യുന്നു. (1 ശമു. 30:12)
പഗ് എന്നാണു മൂന്നാംതരത്തിന്റെ പേർ. ഇതു വർഷകാലത്താണു
കായ്ക്കുന്നതു. വസന്തത്തുവിൽ പഴുക്കുന്നു. (ഉത്ത. 2:13) അത്തി
കായ് പഴുക്കുമ്പോൾ അതു താനെ വീണുപോകുന്നു. (നാഹൂം 3:12)
ഇലകൾക്കു മുമ്പായിത്തന്നെ അത്തിയിൽ കായ്കൾ കാണാറുണ്ട്. ശ
ചമോ൦ അത്തിയെ കർത്താവു കണ്ടതു് ഏപ്രിൽ മാസാരംഭത്തിൽ
ആയിരുന്നു. അപ്പോൾ അതിൽ ഫലമന്വേഷിക്കുന്നതു് അനു
ചിതമല്ല. (മർക്കൊ. 11:12-16.) മാർച്ച് ഏപ്രിൽ ഈ മാസങ്ങളി
ൽ അത്തിക്കായ് കാണാഞ്ഞാൽ ആ ആണ്ടിൽ പിന്നീടു കായ്ക്കയില്ല.
ചില വൃക്ഷങ്ങൾ കാലത്തിനു മുമ്പായി ഫലിക്ക പതിവാണ്,

ഒലിവു വൃക്ഷം വേദപുസ്തകത്തിൽ സുലഭമായി പറഞ്ഞിട്ടു
ള്ളതത്രേ. അതിൽ പതിനെട്ടു വർഗ്ഗമുണ്ടു്. ഒരു വേരിൽ നിന്
ന്നു മൂന്നോ നാലോ തൈകൾ മുളച്ചുണ്ടായി വെവ്വേറെ തടിക
ളായി തിരിയുകയും ഇരുപതോ മുപ്പതോ അടി പൊക്കത്തിൽ നീ
ണ്ടു കൊമ്പുകൾ വീശി വളരുകയും ചെയ്യുന്നു. കുറപ്രാവുകളുടെ മുട്ട
യോളം വലിപ്പമുള്ള അതിന്റെ കായ്കൾ പഴുക്കുമ്പോൾ കറു
ക്കുന്നു. യോർദ്ദാൻ നദിയുടെ രണ്ടു കരകളിലും യഹൂദ്യ, ഗലീല, ശ
മരിയ, എന്നീ ദേശങ്ങളിലും കടൽത്തീരങ്ങളിലും എല്ലായി
ടത്തും ഒലിവുവൃക്ഷങ്ങൾ ധാരാളമുണ്ടു്. ഇപ്പോഴും പലസ്തീൻ നാ
ട്ടിലെ പ്രധാന വൃക്ഷങ്ങളിൽ ഒന്നാണു് ഒലിവ്. ഇതിന്റെ കാ
യ്കളിൽനിന്നു് ഒരുതരം വിശിഷ്ടമായ എണ്ണ കിട്ടിവരുന്നു എന്നു
മാത്രമല്ല അതിന്റെ കായ്കൾകൊണ്ടു് ഒരുമാതിരി സ്വാദുള്ള
അച്ചാർ കൂടെയും ഉണ്ടാക്കുന്നു. ഒലിവെണ്ണ ഒരൊന്നാന്തരം ഔഷധമാ
ണു്. ഒലിവുമരത്തടി വളരെ ഈടുള്ളതാകുന്നു. ചില സഞ്ചാരി
കളുടെ അഭിപ്രായപ്രകാരം ഒലിവുമരം ഇരുനൂറുവർഷത്തെ വളർ
ച്ചയുടെ ശേഷമേ ക്ഷയിപ്പാൻ തുടങ്ങുകയുള്ളു അതു നശിച്ചുതുടങ്ങുമ്പോ
ൾ അതിന്റെ വേരിൽനിന്നു പുതിയ തൈകൾ കിളുത്തുണ്ടാകുകയും
തായ്‌വൃക്ഷം പട്ടുപോകുമ്പോൾ ആ തൈകൾ വൃക്ഷമായിത്തീരു
കയും ചെയ്യുന്നു. പലസ്തീനിൽ ഉള്ളതിലേക്കും വലിയ ഒലിവുമ
പ്പ് യരുശലേമിൽനിന്നു ഗാസയ്ക്കു പോകുന്ന റോഡരികെ ഉള്ള
തെന്നു് ഒരു സഞ്ചാരിയുടെ എഴുത്തിൽ കാണുന്നു. ഒലിവുമരത്തി
ന്റെ പൂക്കൾ പൊഴിഞ്ഞുപോകുന്നതിനാൽ കായ് ഉണ്ടാകാതെ
അതിന്റെ പ്രയത്നം നിഷ്ഫലമായിപ്പോകുന്നു. (യോബ്. 15:33
ഹബ. 3:17.) ഇങ്ങിനെ പൂക്കൾ പൊഴിയുന്നതു ശൈത്യം മൂല
മോ അന്യപ്രാണികളുടെ ഉപദ്രവം മൂലമോ ആണെന്നാണു് അഭി
പ്രായം. ഒലിവുമരം കുലുക്കിയും കൊമ്പുകൾ തല്ലിയുമാണു കായ്കൾ
ഉതിർക്കുന്നതു്. (ആവ. 24:20; യശ. 17:6.) ഒരു എഴുത്തുകാരൻ
ഈ മരത്തെക്കുറിച്ചു താഴെ വരുംപ്രകാരം പറയുന്നു. "ഒലിവുവൃക്ഷം
അതിന്റെ ഇലകളുടെ പച്ചനിറം കൊണ്ടും, തടിയുടെ ഗുണം
കൊണ്ടും, അതിൽ നിന്നു കിട്ടുന്ന എണ്ണയുടെ പ്രയോജനംകൊണ്ടും
വേദത്തിൽ ഒരു വർണ്ണ്യവിഷയമായിത്തീർന്നിരിക്കുന്നു. സമൃദ്ധി,
ദീക്ഷത, ഭാഗ്യം എന്നിവയുടെ നിദർശനമത്രേ ഈ മരം. ദൈവത്തി
ൽ അനുഗ്രഹീതനായ മനുഷ്യന്റെ ഭാഗ്യത്തെക്കുറിച്ചു ദാവീദു പ്ര
സ്താവിക്കുമ്പോൾ "നിന്റെ ഭാര്യ നിന്റെ വീട്ടിന്നകത്തു ഫലപ്ര
ദമായ മുന്തിരിവള്ളിപോലെയും നിന്റെ മക്കൾ നിന്റെ മേശ
യ്ക്കു ചുറ്റും ഒലിവുതൈകൾ പോലെയും ഇരിക്കും" (സങ്കീ 128:3)
എന്നു പറയുന്നു. ഒലിവുവൃക്ഷം സമാധാനത്തിനും ദൃഷ്ടാന്തമായിരുന്നു;
കാരണം, പെട്ടകത്തിൽ നിന്നയയ്ക്കപ്പെട്ട പ്രാവ് ഒലിവില കൊ
ത്തികൊണ്ടു മടങ്ങിവന്നതായി പറയപ്പെട്ടിരിക്കുന്നു" [ഉല്പ 8:11]
ദാവീദ് രാജാവും താൻ ദൈവഭവനത്തിൽ ഒരു പച്ച ഒലിവുവൃ

ം ഞാൻ പറഞ്ഞിട്ടുണ്ട്. വിശുദ്ധ പൌലൂസ് യഹൂദജാതിയെ ഒലിവുവൃക്ഷത്തോടു സാമ്യപ്പെടുത്തിയിരിക്കുന്നു. (റോമ. 11:17) ഇറ്റാലിയിലും ഗ്രീസിലും ധാരാളം ഒലിവുവൃക്ഷങ്ങൾ ഉണ്ട്.

---

# ആളാംപ്രതിയുള്ള ക്രിസ്തീയവേല.

ജോർജ് എസ്സ്. ഇൻഗ്രാം എം. ഏ.

"രക്ഷിതാവിനെ ലോകത്തിന് അറിയിച്ചുകൊടുക്കുന്നുള്ള ഉത്തമമാർഗ്ഗം ആളാംപ്രതിയുള്ള ക്രിസ്തീയവേലയാകുന്നു."

ഡി. എൽ. മൂഡി.

'അന്ത്രയോസ്—തന്റെ സഹോദരനായ ശിമോനെ കണ്ടു—അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു.' വി: യോഹന്നാൻ 1-ാം അദ്ധ്യായം 40 മുതൽ 42 വരെയുള്ള വാക്യങ്ങൾ.

ഈ ലോകത്തിൽ അമ്പതു ലക്ഷം ക്രിസ്ത്യാനികൾ എങ്കിലും പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ആശ്രയിച്ചു ജീവിക്കയും പ്രവർത്തിക്കയും ചെയ്യുന്നതായാൽ അസാധാരണയായ പ്രവൃത്തികൾ കൂടാതെ എട്ടു വർഷംകൊണ്ട് സർവ്വലോകത്തിനും യേശുക്രിസ്തുവിന്റെ രക്ഷയെ അറിയിപ്പാൻ സാധിക്കും എന്നുള്ള പരമാർത്ഥം എത്ര പേർ ഇന്നു മനസ്സിലാക്കുന്നുണ്ട്? യേശുക്രിസ്തുവിങ്കലേക്കു തിരിഞ്ഞുവരുന്ന ഓരോ പാപിയും വേറെ ഒരു പാപിയെക്കൂടെ ഓരോ വർഷത്തിൽ ക്രിസ്തുവിങ്കലേക്കു നടത്തുന്നതായാൽ മേൽ പ്രസ്താവിച്ചതുപോലെ സാധിക്കും എന്നുള്ളതു നിർവ്വിവാദമത്രെ. ഏറിയേടം പ്രാർത്ഥനയിൽ ക്രിസ്ത്യാനികൾ ഉറ്റിരിക്കേണ്ട അവസരം അതിക്രമിച്ചിരിക്കുകയും ചെയ്യുന്നല്ലോ. അതേസമയത്തുതന്നെ അനേകായിരങ്ങളെ രക്ഷിപ്പാൻവേണ്ടി ആളാംപ്രതിയുള്ള ക്രിസ്തീയവേലയിൽ തങ്ങളുടെ സമയത്തെ വിനിയോഗിക്കേണ്ട ചുമതല എല്ലാ ക്രിസ്ത്യാനികളുടെമേലും വയ്ക്കപ്പെട്ടിരിക്കുന്നു എന്നുള്ള പരമാർത്ഥത്തെ നാം വിസ്മരിച്ചുകളയരുത്.

വായനക്കാർ ഈ വിഷയത്തെ ശരിയായ വിധത്തിൽ ഗ്രഹിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടി ഇതിനെ ആറു ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു.

## 1. ആളാംപ്രതിയുള്ള ക്രിസ്തീയവേല എന്നുവച്ചാൽ എന്ത്?

വൈദികശാസ്ത്രം സംബന്ധിച്ച നമ്മുടെ പരിചിതന്മാരിൽ വല്ലവരോടും തർക്കിക്കുന്നതു ആളാംപ്രതിയുള്ള ക്രിസ്തീയവേല എന്നു പറവാൻ പാടില്ല. നമ്മുടെ സ്നേഹിതന്മാരിൽ വല്ലവരോടും മതത്തെ സംബന്ധിച്ചു വല്ലതും സംസാരിക്ക എന്നുള്ളതും ആളാംപ്രതിയുള്ള ക്രിസ്തീയവേലയല്ല—നാമെല്ലാവരും പലപ്പോഴും അല്പകം

രുമുള്ള സംസാരങ്ങളിൽ പങ്കുകൊള്ളുക എന്നുള്ളതു് സഹജമാ
ല്ലോ—നാം നമ്മുടെ സ്നേഹിതന്മാരിൽ ഒരുത്തനെ എതെങ്കിലു
ഒരു പ്രാർത്ഥനാസ്ഥലത്തേക്കോ പ്രസംഗയോഗത്തിലേക്കോ ക്ഷണി
കൊണ്ടുപോക എന്നുള്ളതും ഈ വേലയിൽ ഉൾപ്പെടുന്നതല്ല.
ന്നാൽ നമുക്കു സഹവാസത്തിനു് ഇടയുണ്ടാകുന്ന നമ്മുടെ സ്നേഹ
തന്മാരെ അവർ നമ്മെ വേർവിട്ടുപോകുന്നതിനു മുൻപായി പ
ശുദ്ധാത്മാവിന്റെ ശക്തിയിൽ ആശ്രയിച്ചു നമ്മുടെ എല്ലാ സം
ഷണങ്ങളിൽക്കൂടെയും അവർ നമ്മുടെ കർത്താവായ യേശുക്രിസ്തുവി
നെ രക്ഷിതാവായി സ്വീകരിച്ചു് അവനെ അനുകരിപ്പാൻ
രിപ്പിക്കുന്നതിനെ അത്രേ സാക്ഷാൽ ആളുംപ്രതിയുള്ള ക്രിസ്തീ
വേല എന്നു പറയേണ്ടതു്.

## 2. ഈ വേല ചെയ്യാനുള്ള ആവശ്യം എന്തു്?

ഈ മഹത്തായ വേല ചെയ്യണം എന്നുള്ളതിനു യാതൊരു കാ
രണവും ഇല്ലെന്നു വല്ലവരും ഇന്നു വിചാരിക്കുമെന്നു് എനിക്കു തോ
ന്നുന്നില്ല. എന്റെ അഭിപ്രായത്തിൽ വിലമതിക്കാൻ പാടില്ലാത്ത
വയായ മൂന്നു കാര്യങ്ങളെ ഞാൻ കാണുന്നു.

എ. ദൈവത്തിന്റെ സ്നേഹം എന്നെ നിർബന്ധിക്കുന്നു. ക്രി
സ്തുവിന്റെ സ്നേഹം......സകല സ്വർഗ്ഗീയമഹിമകളേയും ഉപേക്ഷി
ച്ചിട്ടു കാൽവറിക്കുന്നിലേക്കു് ഇറങ്ങിവന്നതായ സ്നേഹംതന്നെ.
...എന്റെ ഹൃദയത്തിൽനിന്നു കവിഞ്ഞൊഴുകുമ്പോൾ എനി
പരിചയത്തിനും സഹവാസത്തിനും സന്ദർഭം വന്നിട്ടുള്ള ആത്മാ
ക്കളെ ആദായപ്പെടുത്തുവാൻ എന്റെ ശക്തിയിൽ കഴിയുന്നതെല്ലാ
പ്രവർത്തിക്കാതെ ഇരിപ്പാൻ തരമില്ല. അവർക്കുവേണ്ടിയും ക്രൂശി
ല്ലോ താൻ സകല കഷ്ടപ്പാടുകൾക്കും തന്നെ ഏല്പിച്ചുകൊടുത്തതു
ആത്മാക്കളോടുള്ള സ്നേഹം ഒന്നുമാത്രം അത്രേ ഇപ്രകാരമുള്ള സക
കഷ്ടതകളും സഹിക്കുന്നതിനു തന്നെ പ്രേരിപ്പിച്ചതു്! 'ആത്മാ
ൾക്കുവേണ്ടിയുള്ള ദാഹത്തോടുകൂടിയ യേശുവേ! നിന്റെ ആത്മ
വിൽനിന്നു എന്നെ കുടിപ്പിക്കുമാറാകണമേ! ഇനിയും ആത്മാ
ൾക്കുവേണ്ടിയുള്ള ആ വലിയ ദാഹത്തെ തരേണമേ, എന്നു നമ്മു
പ്രാർത്ഥിക്കാം.

ബി. ദൈവം യെഹെസ്കേലിനെ നിയമിച്ചിരുന്നതുപോ
ലെ മനുഷ്യരെ അവരുടെ ദുഷ്ടവഴികളിൽനിന്നു സൂക്ഷിപ്പാ
എന്നെയും ഒരു കാവൽക്കാരനായി നിയമിച്ചിരിക്കുന്നു.

ദൈവം യെഹെസ്കേലിനോടു 'മനുഷ്യപുത്രാ, ഞാൻ നി
ന്നെ ഇസ്രായേൽഗൃഹത്തിനു കാവൽക്കാരനാക്കിയിരിക്കുന്നു; നീ എ
ന്റെ വായിൽനിന്നു വചനം കേട്ടു എന്റെ നാമത്തിൽ അവരെ
പ്രബോധിപ്പിക്കണം. ഞാൻ ദുഷ്ടനോടു നീ മരിക്കും എന്നു കല്പി
ക്കുമ്പോൾ നീ അവനെ ഓർപ്പിക്കയോ, ദുഷ്ടനെ ജീവനോടു
ക്ഷിക്കേണ്ടതിനു് അവൻ തന്നെ ദുർമ്മാർഗ്ഗം വിടുവാൻ അവനെ

ിച്ചുകൊണ്ടു ഒന്നും പറകയോ ചെയ്യാഞ്ഞാൽ ദുഷ്ടൻ തന്റെ അകൃത്തിൽ മരിക്കും. അവന്റെ രക്തമോ ഞാൻ നിന്നോടു ചോദിക്കും' എന്നു പറഞ്ഞു. യെഹസ. 3: 17,18.

ആത്മാവിന്റെ രക്ഷയെ സംബന്ധിച്ചുള്ള കാര്യങ്ങൾ മാത്രം ഒഴിച്ചു മററു പല വിഷയങ്ങളെ സംബന്ധിച്ചു ഞാൻ സംഭാഷണം ചെയ്തിട്ടുള്ളവരായ എന്റെ സ്നേഹിതന്മാരെ ന്യായവിസ്താരദിവസത്തിൽ രക്ഷിക്കപ്പെടാത്തവരായി അവിടെവച്ചുകാണുന്നതു് എത്ര ഭയങ്കരമായ ഒരു കാഴ്ചയായിരിക്കും. അവരിൽ ഒരുത്തൻ ഇനിക്കു ീപിച്ചിട്ടു 'നീ എന്റെ അപകടനിലയെ സംബന്ധിച്ചു് എന്നെ ധ്യപ്പെടുത്തിയിരുന്നു എങ്കിൽ ഞാൻ ദൈവത്തിങ്കലേക്കു തിരികയും പാപമോചനം പ്രാപിക്കയും ചെയ്യുമായിരുന്നു. എന്നാൽ എന്റെ സ്നേഹിതാ, നീ ഒരിക്കൽപോലും അതിനെ സംബന്ധിച്ചു് ഒരക്ഷരവും പറഞ്ഞിട്ടില്ല എന്നു പറയുന്നതു ഞാൻ എങ്ങിനെ ശ്രദ്ധിക്കും? വീണ്ടും അവൻ, നാമൊരുമിച്ചു പട്ടണങ്ങളിൽ സഞ്ചരിച്ചു, നാം ഇരുവരും ഒരേസ്ഥലത്തു ജോലിചെയ്തു, നാം ഒരുമിച്ചു വിവിധങ്ങളായ കളികളിൽ ഏർപ്പെട്ടിരുന്നു, ഒരു പ്രാവശ്യംപോലും എന്റെ ആത്മാവിന്റെ രക്ഷയേപ്പററിയുള്ള കാര്യങ്ങളെപ്പററി സംസാരിപ്പാൻ നിനക്കു സൌകര്യം ഇല്ലാതെ പോയല്ലോ' എന്നുള്ള ശബ്ദങ്ങളെ കേൾക്കുമ്പോൾ നാം മനസ്സാക്ഷപ്പെടാതെ ഇരിക്കുമെന്നു വല്ലവരും വിചാരിക്കുന്നുണ്ടോ?.

'ഞാൻ പഠിച്ചുകൊണ്ടിരുന്നകാലത്തു് എന്റെസ്കൂളിൽ എന്നോടുകൂടെ പഠിച്ചിരുന്നവനും എന്റെകൂടെ പന്തുകളിച്ചിരുന്നവനുമായ ഒരുത്തനോടു സംസാരിപ്പാൻ പരിശുദ്ധാത്മാവു് എന്നെ പ്രേരിപ്പിച്ചു. ശേഷമുള്ള കളിക്കാരെ അപേക്ഷിച്ചു് ഇവൻ വലിയ മാർഗ്ഗിയായിരുന്നു. എന്നാൽ മനുഷ്യരെയുള്ള ഭയംനിമിത്തം പരിശുദ്ധാത്മാവു് എന്നെ ബോധപ്പെടുത്തുമ്പോൾ വേറെ ഒരവസരത്തിൽ നിവൃത്തിച്ചുകൊള്ളാമെന്നു പറഞ്ഞു. മനസ്സാക്ഷിയെ സമാധാനപ്പെടുത്തിക്കൊണ്ടു പരിശുദ്ധാത്മാവിന്റെ പ്രേരണയെ നിഷേധിച്ചു. അവധികിട്ടി സ്വദേശത്തിനു പോകേണ്ട സമയം വന്നപ്പോൾ, അവധി കഴിഞ്ഞു തിരിച്ചുവരുമ്പോൾ സംസാരിച്ചുകൊള്ളാമെന്നു സമാധാനപ്പെട്ടുപോയി. അങ്ങിനെതന്നെ ചെയ്യണമെന്നുള്ള പരമാർത്ഥഉദ്ദേശത്തോടുകൂടിയായിരുന്നു. എന്നാലോ അവധികഴിഞ്ഞുവന്നപ്പോൾ അവൻ പന്തുകളി ഉപേക്ഷിച്ചുകളഞ്ഞതായി കാണപ്പെട്ടു. തന്നിമിത്തം അവനോടു് എനിക്കു സംസാരിപ്പാൻ ഉണ്ടായിരുന്ന സൌകര്യം നഷ്ടപ്പെട്ടുപോകയും ചെയ്തു?

നിത്യതയുടെ ദിവസത്തിൽ ആ മനുഷ്യൻ നിത്യ കഷ്ടതയിലേക്കു തള്ളപ്പെടുന്നവരുടെ കൂട്ടത്തിൽ കാണപ്പെടുകയും, ഒരു ക്രിസ്ത്യാനി എന്നു് അവൻ ഗ്രഹിച്ചിരുന്നവനായ ഞാൻ അവന്റെ ആത്മാവിന്റെ രക്ഷയെ സംബന്ധിച്ചു് ഓർപ്പിച്ചിട്ടില്ലാ എന്നു് എ

ന്നെ കുററപ്പെടുത്തുകയും ചെയ്യുന്നതു് ഏത്ര പരിതാപകരമായ അവസ്ഥയായിരിക്കും!

മുൻപു സ്ഥാപിച്ച സംഗതികളെക്കൊണ്ടു് പരിശുദ്ധാത്മാവിൻെറ പ്രേരണയ്ക്കനുസരണമായി ഏതെങ്കിലുമൊരാത്മാവിനോടു സംസാരിക്കാതെ ഇരുന്നാൽ ആത്മാവു നഷ്ടപ്പെട്ടുപോകുമെന്നു് ഉദ്ദേശിച്ചിട്ടില്ല. എന്നാൽ ദൈവത്തിൻെറ ജനങ്ങളുടെ കാവൽക്കാരൻ എന്ന നിലയിലുള്ള നമ്മുടെ ചുമതലയെ നിവൃത്തിക്കാതെ ഇരുന്നാൽ ദൈവം ഹെസക്കിയേലിനോടു പറഞ്ഞതുപോലെ നമ്മോടു ചോദിക്കും എന്നത്രേ.

സി. ഈ വേല ചെയ്യുന്നതു ബുദ്ധിപൂർവ്വമായ ഒരു പ്രവൃത്തിയാകുന്നു.

ന്യായവിസ്താരദിവസത്തിൽ നാം എന്തിനെ അധികം വിലമതിക്കും? പണത്തെയോ ബഹുമാനത്തെയോ ജ്ഞാനത്തെയോ അല്ല. ഈ വകകളിൽ മാത്രം ആശ്രയിക്കുന്ന പുരുഷന്മാരും സ്ത്രീകളും ആ ദിവസത്തിൽ ഏററവും ഭോഷന്മാരായിരിക്കും എന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ സ്വർഗ്ഗീയ ജ്ഞാനത്തിൽ വളർന്നു തങ്ങളുടെ അയൽക്കാരെ ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ ദായപ്പെടുത്തുവാൻ ചിലവിട്ടവർ ഏററവും ബുദ്ധിമാന്മാരായിരിക്കും എന്നു സധൈര്യം പറയാം. 'ജ്ഞാനിയായവൻ ഹൃദയങ്ങളെ നേടുന്നു, സദൃ. 11:30. (തുടരും)

മ. സ. താ.

---

# ഡോക്ടർ
# ഫെയാർ ചൈൽഡും സ്നാനവും
## (തുടർച്ച)

### പ്രഖ്യാപനം

''അവരുടെ (ബപ്റ്റിസ്റ്റുകളുടെ) ഇടയിൽ യഥാർത്ഥത്തിൽ വളരെ നല്ല ആളുകൾ അതായതു പല സംഗതിയിലും ക്രിസ്തുമതത്തിനു ഭൂഷണമായിട്ടുള്ളവർ ബഹുലം ഉണ്ടെന്നറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. പക്ഷെ ഒരു വല്ലാത്ത പദ്ധതി (System) അവരെ കുടുക്കിയിട്ടിരിക്കുകയാണു്. ആകക്കൂടി നോക്കിയാൽ, ഒരു എ… ദയവായി നോക്കിയാലും നമ്മുടെ ബപ്റ്റിസ്റ്റു സഹോദരന്മാരുടെനില, ദോഷം നിറഞ്ഞതാണെന്നു് അഭിപ്രായപ്പെടുവാൻ ഞങ്ങൾ സംശയിക്കുന്നില്ല. അവരുടെ പ്രസംഗം കേൾക്കുന്ന അനേകായിരങ്ങളുടെ ഇടയിൽ നിമജ്ജനം രക്ഷയ്ക്കു് ഒഴിച്ചുകൂടാത്തതാണെന്നു— സ്വർഗ്ഗത്തേക്കുള്ള സഫലമായ (Safest) പാസ്പോർട്ടാണെന്നു ധരി

ന്നെ കററപ്പെടുത്തുകയും ചെയ്യുന്നതു് എത്ര പരിതാപകരമായ ഒ[...] അവസ്ഥയായിരിക്കും!

മുൻപു സ്ഥാപിച്ച സംഗതികളെക്കൊണ്ടു് പരിശുദ്ധാത്മാവി ന്റെ പ്രേരണയ്ക്കനുസരണമായി ഏതെങ്കിലുമൊരാത്മാവിനോ[ടു] സംസാരിക്കാതെ ഇരുന്നാൽ ആത്മാവു നഷ്ടപ്പെട്ടുപോകുമെന്നു് ഉദ്ദേ ശിച്ചിട്ടില്ല. എന്നാൽ ദൈവത്തിന്റെ ജനങ്ങളുടെ കാവൽക്കാർ എന്ന നിലയിലുള്ള നമ്മുടെ ചുമതലയെ നിവൎത്തിക്കാതെ ഇരുന്നാൽ അവൻ ഹെസക്കിയേലിനോടു പറഞ്ഞതുപോലെ നമ്മോടു ചോദിക്കും എന്നത്രേ.

സി. ഈ വേല ചെയ്യുന്നതു ബുദ്ധിപൂർവ്വമായ ഒരു പ്രവൃത്തി യാകുന്നു.

ന്യായവിസ്താരദിവസത്തിൽ നാം എതിനെ അധികം വി ലമതിക്കും? പണത്തെയോ വറ്റമാനത്തെയോ ജ്ഞാനത്തെയോ അ ല്ല. ഈ വകകളിൽ മാത്രം ആശ്രയിക്കുന്ന പുരുഷന്മാരും സ്ത്രീകളും ആ ദിവസത്തിൽ ഏററവും ഭോഷന്മാരായിരിക്കും എന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ സ്വർഗ്ഗീയ ജ്ഞാനത്തിൽ വളർന്നു തങ്ങളുടെ ആയുഷ്കാലത്തെ ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ [...]ദായപ്പെടുത്തുവാൻ ചിലവിട്ടവർ ഏററവും ബുദ്ധിമാന്മാരായിരി ക്കും എന്നു സധൈര്യം പറയാം. 'ജ്ഞാനിയായവൻ ഹൃദയങ്ങളെ നേടുന്നു, സദൃ. 11:30. (തുടരും)

മ.സ. താ.

# ഡോക്ടർ ഫെയർ ചൈൽഡും സ്നാനവും

## (തുടർച്ച)

### പ്രഖ്യാപനം

''അവരുടെ (ബപ്റ്റിസ്റ്റുകളുടെ) ഇടയിൽ യഥാർത്ഥത്തിൽ വളരെ നല്ല ആളുകൾ അതായതു പല സംഗതിയിലും ക്രിസ്തുമതത്തിനു ഭൂ ഷണമായിട്ടുള്ളവർ ബഹുലം ഉണ്ടെന്നറിയുന്നതിൽ ഞങ്ങൾ സ ന്തോഷിക്കുന്നു. പക്ഷേ ഒരു വല്ലാത്ത പദ്ധതി (System) അവരെ കുരുക്കിയിട്ടിരിക്കുകയാണു്. ആകപ്പാടെ നോക്കിയാൽ, ഒരു ഏതു വിധേയവായി നോക്കിയാലും നമ്മുടെ ബപ്റ്റിസ്റ്റ സഹോദരന്മാരുടെനി[...] ല, ദോഷം നിറഞ്ഞതാണെന്നു് അഭിപ്രായപ്പെടാൻ ഞങ്ങൾ സം ശയിക്കുന്നില്ല. അവരുടെ പ്രസംഗം കേൾക്കുന്ന അനേകായിരങ്ങ ളുടെ ഇടയിൽ നിമജ്ജനം രക്ഷയ്ക്കു് ഒഴിച്ചുകൂടാത്തതാണെന്നു— സ്വർഗ്ഗത്തേക്കുള്ള സഫലമായ (Safest) പാസ്പോർട്ടാണെന്നു ധരി

...ള്ള വലിയ കൂട്ടം ഉണ്ടായിരിക്കയില്ലല്ലോ? സഭയ്ക്കു അത്രമാത്രം ദോഷം ചെയ്യുന്നതും നാശമില്ലാത്ത ആത്മാക്കൾക്കു അപകടം വരുത്തുന്നതുമായ ഇവരുടെ അഭിപ്രായങ്ങളോടു പോരാടേണ്ടതു നമ്മുടെ ആവശ്യമല്ലയോ?"

### നിരൂപണം.

"ബപ്റ്റിസ്റ്റർ മററുള്ളവരെക്കുറിച്ചു നിന്ദയായി സംസാരിക്കുന്നു." എന്നു പറഞ്ഞ എഴുത്തുകാരൻ തന്നെയാണു ബപ്റ്റിസ്റ്റു സഹോദരന്മാരെക്കുറിച്ചു ഈ വിധം നിന്ദയായി സംസാരിക്കുന്നതു് എന്നറിയുമ്പോൾ മി: ഫെയർചൈൽഡിന്റെ മനസ്സാക്ഷിയെക്കുറിച്ചു വിസ്മയം തോന്നാതിരിക്കുന്നില്ല.

### പ്രഖ്യാപനം

"യേശു കർത്താവു നിമജ്ജനമാണു കല്പിച്ചിരിക്കുന്നതെന്നും, അതിനാൽ നിമജ്ജനമേൽക്കാത്തവരെല്ലാം കർത്താവിന്റെ അധികാരത്തോടു പരസ്യമായി മറുത്തു ജീവിക്കയാണെന്നുമത്രേ ബപ്റ്റിസ്റ്റർ പറയുന്നതു്. ഈ കാര്യത്തിൽ അവരോടു യോജിച്ചുകൊണ്ടു നമുക്കു പറയാവുന്നതു് നിമജ്ജിക്കപ്പെടണമെന്നു ക്രിസ്തു നമ്മോടു യഥാർത്ഥമായി കല്പിച്ചിട്ടുണ്ടെങ്കിൽ—അതിനെ പ്രതിഷേധിക്കുന്നതു് ഏററവും ഗംഭീരമായ അനിഷ്ടഫലങ്ങളെ ജനിപ്പിക്കുന്നതായിരിക്കുമെങ്കിൽ—പ്രസ്തുത കല്പന വളരെ തെളിവായും സ്പഷ്ടമായും തിരുവെഴുത്തുകളിൽ പറഞ്ഞു കാണേണ്ടതാകുന്നു. എന്നാൽ ഇങ്ങിനെയുണ്ടെന്നു അവർ പറയുമോ? നിമജ്ജനത്തെ സ്പഷ്ടമായി ഉപദേശിക്കുന്ന ഒരു വാക്യം അവർക്കു ചൂണ്ടിക്കാണിപ്പാൻ കഴിയുമോ? ഒററ ഒന്നെങ്കിലും അവർക്കു ചൂണ്ടിക്കാണിപ്പാൻ കഴികയില്ലെന്നു് എനിക്കു നിശ്ചയമുണ്ടു്."

### നിരൂപണം

'നിമജ്ജനം' എന്ന സംസ്കൃതവാക്കോ, 'മുഴുകൽ' എന്ന മലയാളവാക്കോ 'ഇമ്മർഷൻ' എന്ന ഇംഗ്ലീഷ് വാക്കോ വേദപുസ്തകത്തിൽ അപ്പസ്തോലന്മാർ എഴുതീട്ടില്ലെന്നു സമ്മതിക്കുന്നു. കാരണം, മലയാളം, സംസ്കൃതം, ഇംഗ്ലീഷ് മുതലായ ഭാഷകളിലല്ല വേദപുസ്തകം എഴുതിയിരിക്കുന്നതു്. അതിനാൽ നിമജ്ജനം പുസ്തകത്തിലുണ്ടോ എന്നറിവാൻ ഗ്രീക്കു പുതിയനിയമത്തിൽ ബപ്റ്റിസ്സോ എന്ന വാക്കു് ഉപയോഗിച്ചിട്ടുണ്ടോ എന്നു നോക്കിയാൽ മതി. ഗ്രീക്കു പുതിയനിയമത്തിൽ 'ബപ്റ്റിഡ്സോ' എന്ന പദമാണു സ്നാനത്തെപ്പററി പറയുന്ന എല്ലാ സ്ഥലങ്ങളിലും പ്രയോഗിച്ചിരിക്കുന്നതു്. നേരെമറിച്ചു തളിപ്പിനുള്ള 'റാൻറിഡ്സോ' (Rhan-[illegible]) എന്ന പദമല്ലാത്തതിനാൽ നിമജ്ജനമത്രേ കർത്താവു കല്പിച്ചിരിക്കുന്നതെന്നു നിസ്സംശയമായി തെളിയുന്നു. ഇങ്ങനെയിരിക്കെ നിമജ്ജനത്തെ ആജ്ഞാപിക്കുന്ന ഒരു വാക്യംപോലും വിശ്വാസികൾക്കു ചൂണ്ടിക്കാണിപ്പാനില്ലെന്നു ഗ്രന്ഥകർത്താവു പറഞ്ഞതു [illegible] സാഹസത്തിന്റെ പ്രഭാവമെന്നല്ലാതെ പറവാനില്ല. അ

തിനാൽ വേദപുസ്തകത്തിൽ ബപ്ററിഡ്സോ എന്ന വാക്കു വര
ന്ന എല്ലായിടങ്ങളും സ്നാനം നിമജ്ജനമാണെന്ന ഉറപ്പായി ഉപദേ
ശിക്കുന്നു.

## പ്രഖ്യാപനം

"നമ്മുടെ ബപ്റ്റിസ്റ്റു സഹോദരന്മാർ പറയുന്നതാവിതു": 'ബ
പ്റ്റൈസൊ' എന്ന വാക്കിനു മുക്കുക, മുഴുകുക എന്നല്ലാതെ യാതൊ
രർത്ഥവുമില്ല. അതുകൊണ്ടു ബപ്റ്റിസ്മപ്പെടുത്തണമെന്നുള്ള കല്പന
നിമജ്ജിക്കുന്നതിനുള്ള കല്പനയത്രേ' എനിക്കിതിനുള്ള പ്രതിവ
ദം ഇപ്പറയുന്നതു യഥാർത്ഥമെങ്കിൽ അവർ അതു തെളിവായി ക
ണിക്കണമെന്നാണ്. കുറഞ്ഞപക്ഷം തിരുവെഴുത്തിൽ പ്രസ്തുത വ
ക്കിന്റെ പ്രാഥമികാർത്ഥം, (Primary meaning) നിമജ്ജിക്കുക
ണെന്നു തെളിയിക്കട്ടെ. അതു മനുഷ്യാഭിപ്രായങ്ങൾ കൊണ്ടോ മൂപ്പ
ന്മാരുടെ പാരമ്പര്യങ്ങൾകൊണ്ടോ അല്ല തെളിയിക്കേണ്ടതു്. പ്ര
ത്യുത, ബൈബിൾകൊണ്ടു മാത്രമാണ്. സത്യം അവരുടെ ഭാഗത്ത
ണെങ്കിൽ അവക്കതു പ്രയാസമല്ലല്ലോ. നമ്മുടെ ഭാഗ്യംകൊണ്ടു വി
ശുദ്ധ ലിഖിതാക്കൾ കൊടുത്തിരിക്കുന്നപ്രകാരമുള്ള 'ബപ്റ്റൈസൊ
സ്' എന്ന വാക്കിന്റെ അർത്ഥം പഠിപ്പുള്ളവനോ ഇല്ലാത്തവനോ
ആയ ഏതു (പുതിയ നിയമ) വായനക്കാരനും പരിശോധിച്ചു ക
ണ്ടുപിടിക്കാം."

## നിരൂപണ

പ്രസ്തുത പ്രഖ്യാപനത്തിൽ ഗ്രന്ഥകർത്താവു പാശ്ചാത്യസംസ്ഥാനക്കാ
രാകുന്ന ഞങ്ങളുടെമേൽ ചുമത്തുന്ന തെളിവുഭാരം അനായാസേന
ഞങ്ങൾക്കു നിർവഹിക്കാവുന്നതും ഓരായിരത്തിൽ അധികം പ്രാ
വശ്യം ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾകൊണ്ടു നിർവഹിച്ചുക
ഴിഞ്ഞിട്ടുള്ളതുമാണ്. അതുകൊണ്ടു ഇത്ര ലഘുവായ ഒരു ചുമതല ഞ
ങ്ങളെ ഏല്പിച്ചതിൽ അദ്ദേഹത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു. 'ബ
പ്റ്റൈസൊ' എന്നവാക്കിനു മുക്കുക, അഥവാ മുഴുകുക എന്നല്ലാതെ
അർത്ഥമില്ലെന്ന അസംഖ്യം തെളിവുകളോടുകൂടി ഈ പ്രതിവാദകൃ
തിയിൽ ഞങ്ങൾ കാണിക്കുവാൻ പോകുന്നു. ബൈബിൾ കൊണ്ടു
മാത്രം അങ്ങിനെ തെളിയിപ്പാൻ ഞങ്ങൾ തയ്യാറാണ്. എന്നാൽ
ഗ്രീക്കു പുതിയ നിയമത്തിലുള്ള ഒരു വാക്കിന്റെ നിർണ്ണയത്തിനു
ഗ്രീക്കുഭാഷയിലെ ഇതരകൃതികൾ ആധാരമാക്കിക്കൂടയെന്നും ബൈ
ബിൾകൊണ്ടുതന്നെ അതു തെളിയിക്കേണ്ടതാണെന്നും ശഠിക്കുന്ന
തു് ന്യായരഹിതവും മക്കടമുഷ്ടിയുമാണെന്നുള്ളതിനു തക്കമില്ല. മ
റ്റു ഗ്രന്ഥങ്ങൾ എടുത്തുകൂടെന്നുള്ള ഈ ശാപ്രമാണത്തിന്റെ സാ
ധുതയെപ്പററി മേൽ ഒരിടത്തു വിസ്താരമായി വിമർശിപ്പാൻ വി
ചാരിക്കുന്നതിനാൽ ഇവിടെ ഇത്രമാത്രമേ പറയുന്നുള്ളൂ.

ഫുട്ട്നോട്ടിൽ "ബപ്റ്റിസ്റ്റർ തങ്ങളുടെ വേദഭാഷാന്തരത്തി
ൽ 'ബപ്റ്റൈസൊ', എന്ന പദം വരുന്ന സ്ഥലങ്ങളിലെല്ലാം ഇമ്മേ

ഴ്സ് (മുഴുകുക) എന്നു തർജ്ജമ ചെയ്യാൻ ശ്രമിച്ചുവരുന്നു എന്നുള്ളതു ബൈബിൾ നിമജ്ജനത്തെ തെളിവായി പഠിപ്പിക്കുന്നില്ലെന്നുള്ളതിനു വ്യഞ്ജകമാണെന്നു ലേഖകൻ പറഞ്ഞുകാണുന്നു. ബപ്ടിസ്റ്റുകളുടെ ഈ പരിശ്രമംകൊണ്ടു് ഇപ്പോഴത്തെ ഇംഗ്ലീഷ് ബൈബിൾ പ്രസ്തുത പദത്തെ തർജ്ജമ ചെയ്യിട്ടില്ലെന്നല്ലാതെ വേദപുസ്തകം നിമജ്ജനത്തെ പഠിപ്പിക്കുന്നില്ലെന്നർത്ഥം ധരിക്കയില്ല. വേദപുസ്തകം ഒരു സംഗതിയെ പഠിപ്പിക്കുക എന്നു പറയുന്നതും തർജ്ജമകൊണ്ടു ഒരു സംഗതി മനസ്സിലാവുക എന്നു പറയുന്നതും, രണ്ടു സംഗതികളായിട്ടാണു മനുഷ്യർ മനസ്സിലാക്കുന്നതു്. എന്നാൽ മി: ഫെയാർ ചൈൽഡ് മറിച്ചു ധരിച്ചതുകൊണ്ടു അദ്ദേഹം ഒരു സത്യാന്വേഷിയല്ലെന്നും, നേരെമറിച്ചു പ്രസ്ബിറററിയൻകാരുടെ വചനവിരുദ്ധമായ തളിപ്പു സ്ഥാപിക്കാൻ പുറപ്പെട്ട ഒരു ശാസ്ത്രിമാത്രമാണെന്നും തോന്നിപ്പോകുന്നു. (തുടരും)

# ഏഴു സുന്നഹദോസുകൾ

ക്രൈസ്തവലോകം കിഴക്കൻസഭ, പടിഞ്ഞാറൻസഭ എന്നിങ്ങനെ രണ്ടായി പിരിയുന്നതിനു മുൻപു നടന്നിട്ടുള്ളവയും ഇരുസഭകളും പൊതുവെ സമ്മതിക്കുന്നവയുമായി ഏഴു സുന്നഹദോസുകൾ ഉണ്ടു്. ചരിത്രരസികന്മാരുടെ പ്രയോജനത്തിനുവേണ്ടി അവയെക്കുറിച്ചു ചുരുക്കമായി പറഞ്ഞുകൊള്ളട്ടെ.

1. ക്രിസ്ത്വാബ്ദം 325-ൽ വലിയ കുസ്തന്തീനോസ് ചക്രവർത്തി നിഖ്യാപട്ടണത്തിൽ 318 ബിഷോപ്പന്മാരെ ക്ഷണിച്ചു് ഒരു സുന്നഹദോസു നടത്തി. ഇതിൽ ചെയ്ത തീർപ്പുകൾ: യഹൂദന്മാരുടെ പെസഹോത്സവത്തിൽ ക്രിസ്തുവിൻെറ കഷ്ടാനുഭവനാളും പുനരുത്ഥാനദിവസവും കൊണ്ടാടിവരുന്ന ഏർപ്പാടു് മേലാൽ പാടില്ല. ക്രിസ്തു പിതാവിനോടു സമസ്വഭാവമുള്ളവൻ.

2. ക്രിസ്ത്വാബ്ദം 381. സ്ഥലം: കുസ്തന്തീനോസ്പോലീസ് തീരുമാനം. സകലത്തിൻെറയും കർത്താവും ജീവിപ്പിക്കുന്നവനും, പിതാവിൽനിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടുംകൂടി വന്ദിക്കപ്പെട്ടും സ്തുതിക്കപ്പെട്ടും ഇരിക്കുന്നവനുമത്രേ പരിശുദ്ധാത്മാവു്.

3. ക്രിസ്ത്വാബ്ദം 431. സ്ഥലം: എഫേസോസ്. ഈ സുന്നഹദോസിൽ ക്രിസ്തുവിൻെറ മനുഷ്യത്വവും ദൈവത്വവും രണ്ടായിത്തന്നെ തന്നിൽ സ്ഥിതിചെയ്യുന്നു എന്നഭിപ്രായമുള്ള നെസ്തോറിനെ ശപിച്ചുതള്ളി.

4. ക്രിസ്ത്വാബ്ദം 451. സ്ഥലം കല്ക്കദോൻ. ക്രിസ്തുവിൻെറ ഇരുസ്വഭാവങ്ങളും അന്യോന്യം കലർന്നു തൻെറ മനുഷ്യത്വം ദൈ

വത്വത്തിൽ ലയിച്ചുപോയി എന്നു പറയുന്ന എവുത്തിക്കൂസിനേ…
യും കൂട്ടരേയും ശപിച്ചു.

5. ക്രിസ്ത്വാബ്ദം 553. സ്ഥലം: കുസ്തന്തീനോസ്പോലീസ്. …
ക്രിസ്തുവിനു് ഏക ചിത്തവും ഏക നടത്തയും മാത്രമാണുള്ളതെന്നു…
ലോഗോസ് (വചനം) കർത്താവിന്റെ മനുഷ്യത്വം മുഖാന്തരം …
രണ്ടു ചെയ്യിക്കുന്നുവെന്നുമുള്ള ഉപദേശത്തെ നിരാകരിച്ചു.

6. ക്രിസ്ത്വാബ്ദം 680. സ്ഥലം: കുസ്തന്തീനോസ്പോലീസ്.
ഈ സുന്നഹദോസിൽ ക്രിസ്തുവിന്റെ മനുഷ്യത്വത്തിന്നും ദൈവ…
ത്വത്തിന്നും പ്രത്യേകം ഓരോ ചിത്തങ്ങൾ ഇല്ലായിരുന്നു എന്നും, …
ൻ ഏക ചിത്തത്തോടുകൂടിയ പുരുഷനായിരുന്നു എന്നും 'തീർമ…
നിച്ചു.

7. ക്രിസ്ത്വാബ്ദം 787. സ്ഥലം: നിഖ്യാ. സ്വരൂപങ്ങൾക്കു ചെ…
യ്യുന്നതും, ചെയ്യാൻ പാടില്ലാത്തതുമായ വണക്കത്തെക്കുറിച്ചു തീ…
ർപ്പുചെയ്തു.

# വെളിപ്പാടുപുസ്തകം.

## ആഴ്ചവട്ടത്തിന്റെ മദ്ധ്യം.

## ഏഴു സ്വരൂപികൾ

### 1. സൂര്യനെ ധരിച്ച സ്ത്രീ. വെളി. 12: 1,2.

വാരമദ്ധ്യത്തിൽ രണ്ടു് അടയാളങ്ങൾ സ്വർഗ്ഗത്തിൽ കാണപ്പെ…
മെന്നു ഇവിടെ പറയുന്നു. യോഹന്നാൻ വീണ്ടും സ്വർഗ്ഗത്തിൽ പ്ര…
വേശിച്ചുവെന്നൊരു പുതിയ അറിവു് ഇതിൽനിന്നു കിട്ടുന്നുണ്ടു്.
പ്രഥമസ്വരൂപി സൂര്യനെ ധരിച്ച ഒരു സ്ത്രീയാണല്ലോ. ഈ സ്വരൂ…
പം ആരെയാണു കുറിക്കുന്നതു്? കന്യകമറിയത്തെ കുറിക്കുന്നു എ…
ന്നു് ചിലരും, സഭയെ കാണിക്കുന്നു എന്നു് മറ്റുചിലരും അഭി…
പ്രായപ്പെടുന്നു. സഭയെകുറിക്കുന്നു എന്നു പറയുന്നവർ സ്ത്രീ പ്രത്യക്ഷ…
വും ബാഹ്യവുമായ സഭയാണെന്നും, കുട്ടി സത്യസഭ അഥവാ ഉൽഗ…
മനത്തിൽ പിടിച്ചുകൊള്ളപ്പെടുന്നവരാണെന്നും വാദിക്കുന്നു. ഇതു സ…
ത്യമെങ്കിൽ കുട്ടി ഏഴുപതാം ആഴ്ചവട്ടത്തിന്റെ മദ്ധ്യംവരെ എടു…
ത്തുകൊള്ളപ്പെടുന്നില്ല. കൂടാതെ, സഭ മഹോപദ്രവത്തിൽകൂടിപ്പ…
തിവഴി പോകുമെന്നു സമ്മതിക്കയും വേണം. സ്ത്രീ കന്യകമറി…
യമോ സഭയോ അല്ല. സ്ത്രീ ഇസ്രായേലത്രെ. യോസേപ്പിന്റെ സ്വ…
പ്നത്തിൽ! "സൂര്യനും ചന്ദ്രനും പതിനൊന്നു നക്ഷത്രങ്ങളും എ…
ന്നെ നമസ്കരിച്ചു." (ഉല്പ. 37:9) എന്നഭാഗം വായിക്കുമ്പോൾ സ്ത്രീ…
യുടെ യഥാർത്ഥത നമുക്കു ബോദ്ധ്യപ്പെടുന്നു. യോസേഫിനേക്കൂടി കൂട്ടി…
യാണു വെളിപ്പാടിൽ 'പന്ത്രണ്ടു നക്ഷത്രം കാണുന്നതു്.

ഇസ്രയേലിനെ പലപ്പോഴും ഒരു സ്ത്രീയോട് ആതായതു് ഒ
വിവാഹിതയായ സ്ത്രീയോട് സദൃശപ്പെടുത്തിപ്പറയുന്നതായി പഴ
നിയമത്തിൽ വായിക്കുന്നു. (യശ. 54:1.) അവളുടെ പരിത്യാ
കാലത്തു് അവളെ ഒരു വിധവയായും, (യശയ്യാ. 47:7-9; ലൂക്കോ
18:1-8) ഉപേക്ഷിക്കപ്പെട്ട ഒരു സ്ത്രീയായും, (യശ. 50:1.) വ്യഭി
ചാരിണിയായ ഒരു ഭാര്യയായും (യിര. 3:1-25; ഹോശ. 2:1-23.
പറയുന്നുണ്ടു്. എന്നാൽ നേരേമറിച്ചു് സഭ ഒരു കന്യകയും വിവ
ഹനിശ്ചയം ചെയ്യപ്പെട്ടവൾ മാത്രവുമത്രെ. (2 കോരി. 11: 2
എഫേ. 5:25-27.) സൂര്യധാരിണി "ഗർഭിണിയായി നോവുകിട്ടു
വേദനപ്പെട്ടു നിലവിളിക്കുന്ന"തായി യോഹന്നാൻ വർണ്ണിക്കുന്നു
സഭ ഗർഭിണിയായതു എപ്പോൾ? ഗർഭിണിയായസഭ ക്രിസ്തുവി
ന്റെ മണവാട്ടിയാകുവാൻ അയോഗ്യയാണെന്നുള്ളതിനു് തർക്കമില്ല
വേദവാക്യത്തിൽ ഒരിടത്തുപോലും സഭയെ ഗർഭിണിയായി ചി
ത്തിട്ടില്ല. എന്നാൽ ഇസ്രയേലിനെക്കുറിച്ചു പ്രവചനത്തിൽ അ
ങ്ങിനെ ഉണ്ടുതാനും. ഇസ്രയേലിന്റെ എഴുമടങ്ങായ പദവിയെ
കുറിച്ചു സംസാരിക്കുമ്പോൾ പൌലൊസ് പറയുന്നതു്! "അവർ
ഇസ്രയേല്യർ; പുത്രത്വവും തേജസ്സും നിയമങ്ങളും ന്യായപ്രമാണ
വും ആരാധനയും വാഗ്ദത്തങ്ങളും അവർക്കുള്ളവ; പിതാക്കന്മാരു
അവർക്കുള്ളവർതന്നെ; ജഡപ്രകാരം ക്രിസ്തുവും അവരിൽ നിന്ന
ല്ലോ ഉത്ഭവിച്ചതു്?" (റോമ 9. 4; 5) എന്നത്രെ. ക്രിസ്തു ജനിക്കേ
ണ്ടതു് ഇസ്രയേലിൽ നിന്നാണെന്നു കാണുന്നതിനാൽ ഇസ്രയേ
ഗർഭിണിയാകുന്നതിൽ തെറ്റില്ല. "നമുക്കു ഒരു ശിശു ജനിച്ചിരി
ക്കുന്നു. നമുക്കു് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു." (യശ. 9: 6) എന്നി
ങ്ങനെ യശയ്യാപ്രവാചകൻ ഇസ്രയേലിന്റെ ശബ്ദത്തെ പ്രതിദ്ധ്വ
നിച്ചിരിക്കുന്നതു നോക്കുക, വാഗ്ദത്താവകാശി ആതായതു ക്രിസ്തു ജ
നിക്കുന്നതിനു മുമ്പായി ഇസ്രയേൽ കടന്നുപോകേണ്ട തീവ്രദുഃഖ
ങ്ങളും ശിക്ഷകളുമാണു പ്രസവവേദന. ഇതിനാൽ സൂര്യധാരിണി
ഇസ്രയേലാണെന്നുള്ളതു് തർക്കമററ സംഗതിയായി വെളിപ്പെടുന്നു

(തുടരും)

# ചില കാളക്കൂടപ്രസ്താവനകൾ.

(പ്രത്യുക്തിസഹിതം)

"സത്യക്രിസ്തീയ ജീവിതസഹായി" എന്ന പേരോടുകൂടി ഒരു
പുസ്തകം അയിരൂർ കോളാകോട്ടു് ഉപദേശി അവർകൾ (സി.
ജെ. ജോൺ) പുറപ്പെടുവിച്ചിട്ടുള്ളതു് ഞങ്ങളുടെ വായനക്കാരിൽ
ചിലരെങ്കിലും കണ്ടിരിക്കാൻ ഇടയുണ്ടു്. അവർക്കു് ഈ പുസ്തകത്തി
ലെ ചില പ്രസ്താവനകളുടെ യാഥാർത്ഥ്യം എത്രത്തോളമെന്നു് അറി

ലാൽ തല്പൎയ്യമുള്ളതായി അറിയുന്നതുകൊണ്ടു പ്രത്യുക്തിസഹിതം അ
ളയെ മാസികയിൽ പ്രസിദ്ധീകരിക്കുന്നതു പ്രയോജനകരമെന്ന
ഞങ്ങൾ വിചാരിക്കുന്നു.

## പ്രസ്താവന

"ഒരു സഭ വിട്ടു മറെറാരു സഭയിലേക്കു ചേരുന്നതാണു് വാ
സ്തവരക്ഷ എന്നു ഇക്കാലത്തു വാദിക്കുന്ന ചില ഉപദേഷ്ടാക്കന്മാർ ഉ
ണ്ടു്. കെ. വി. സൈമൻ........................................മുതലായ ആളുക
ളുടെ അഭിപ്രായം അവരുടെ പുതിയ സംഘത്തോടു ചേരുന്നവൎക്കേ
രക്ഷയും മണവാട്ടിസ്ഥാനവും ലഭിക്കൂ എന്നുള്ളതാണു്."

## പ്രത്യുക്തി.

'ഒരു സഭവിട്ടു് മറെറാരു സഭയിലേക്കു ചേരുന്നതാണു വാസ്ത
വരക്ഷ' എന്നു് ഇക്കാലത്തു വാദിക്കുന്ന ഉപദേഷ്ടാക്കന്മാരെ ഉപദേ
ശിക്കു അറിവുണ്ടല്ലോ. അവരുടെ കൂട്ടത്തിൽ ഞങ്ങൾ കൂടി ഉണ്ടോ?
ഉണ്ടെങ്കിൽ ഞങ്ങൾ അങ്ങനെ വാദിച്ചിട്ടുള്ളതു് എവിടെയാണെ
ന്നു് അദ്ദേഹം കാണിക്കണം. 'ഒരു സഭവിട്ടു മറെറാരുസഭയിലേക്കു്'
ചേരുന്നതാണു വാസ്തവരക്ഷയെന്നു ഞങ്ങൾ ഒരിക്കലും വാദിച്ചിട്ടി
ല്ല. അതുകൊണ്ടു് ഉപദേശിയുടെ ഈ പ്രസ്താവന വ്യാജമാണെന്നു
തീൎത്തുപറയാം. (കേരള, നമ്പർ 1) ''സമുദായത്തിൽ നിൽക്കുമ്പോ
ൾ തന്നെ ഒരുവനു രക്ഷിക്കപ്പെടാം.'' എന്നു ഞങ്ങൾ സഭാപ്രദീപ
ത്തിൽ പറഞ്ഞിരിക്കുന്നതായി അദ്ദേഹം ഈ ഭാഗത്തു പറഞ്ഞിരി
ക്കുന്നതിൽ നിന്നു ഒരു സഭ വിട്ടു് മറെറാരു സഭയിലേക്കു ചേരുന്ന
താണു വാസ്തവരക്ഷയെന്നും, പുതിയസംഘത്തോടു ചേരുന്നവൎക്കു
രക്ഷയും മണവാട്ടിസ്ഥാനവും ലഭിക്കൂ എന്നും ഞങ്ങൾക്കഭിപ്രായമി
ല്ലെന്നു ഉപദേശി ഏററുപറയുന്നതായി കാണുന്നു. ഇദ്ദേഹം ഞങ്ങ
ളെക്കുറിച്ചു പ്രസംഗിപ്പാൻ തുടങ്ങിയപ്പോൾ തന്നെ കള്ളംകൊണ്ടു്
അടവുകൾ തുടങ്ങിയിരിക്കുന്ന സ്ഥിതിക്കു ഇനിയെന്തെല്ലാം വരു
ന്നു കണ്ടുതന്നെ അറിയണം.

## പ്രസ്താവന

"രക്ഷിക്കപ്പെട്ടശേഷം തന്റെ സമുദായം വിട്ടു് വിശ്വാസി
കളുടെ സംഘത്തോടു ചേരണം. അതായതു ഇപ്പോഴത്തെ വിയോ
ജിതന്മാരോടു ചേരണം. അല്ലാത്തപക്ഷം അവന്റെ രക്ഷ വാസ്തവ
രക്ഷയല്ലെന്നു മിസ്റ്റർ സൈമൻ താനെഴുതിയ 'സഭാപ്രദീപം' എ
ന്ന പുസ്തകം അഞ്ചാംമദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു."

## പ്രത്യുക്തി.

'ഒരുത്തൻ രക്ഷിക്കപ്പെട്ടശേഷം തന്റെ സമുദായം വിട്ടു്
ഇപ്പോഴത്തെ വിയോജിതന്മാരോടു ചേരണം.' എന്നു ഞങ്ങൾ, പ
റഞ്ഞിട്ടുള്ളതായി ജല്പിക്കുന്നതും കള്ളംതന്നെ. (കേരള നമ്പർ 2) വി
യോജിതന്മാർ എന്നു പേർ എടുത്തിരിക്കുന്ന സംഘത്തോടു ചേരണ-

കിൽ മാത്രമേ ഒരു സത്യക്രിസ്ത്യാനിയുടെ രക്ഷ വാസ്തവമാകൂ എന്നു ഞങ്ങൾക്ക് അഭിപ്രായമില്ല.

### പ്രസ്താവന.

"തിരുസഭ ഞങ്ങൾ മാത്രമാണ്, ഞങ്ങളുടെ സഭയിലെ രക്ഷയുള്ളു എന്നു പറയുന്ന റോമൻകത്തോലിക്കരുടെ ഉപദേശവും, ഈ ലോകരക്ഷാ സുവിശേഷം അറിയിപ്പാൻ ദൈവത്താൽ അയയ്ക്കപ്പെട്ടവൻ ഞാനാകുന്നു, എന്നിൽ മാത്രമേ രക്ഷയുള്ളു എന്നുപറയുന്ന പ്രസിദ്ധ ദുരുപദേഷ്ടാവായ പൊയ്കയിൽ യോഹന്നാന്റെ ഉപദേശവും, സഭാപ്രദീപം എന്ന പുസ്തക കർത്താവായ മിസ്റ്റർ സൈമന്റെ അഭിപ്രായവും തമ്മിൽ ഈ കാര്യത്തിൽ വളരെ യോജിപ്പുള്ളതായി കാണുന്നുണ്ട്."

### പ്രത്യുക്തി.

റോമൻ കത്തോലിക്കാ സഭയുടെ ദുരുപദേശമോ വിപരീതാഭിപ്രായമോ, അതെന്നാണ് ഞങ്ങൾക്കുള്ളതെന്നു ഉപദേശി പറയുന്നതെങ്കിൽ ഞങ്ങൾക്കു വളരെ ആശ്വാസമുണ്ട്. കാരണം:—

1. നാല്പതു കോടിയോളം വരുന്ന റോമൻ കത്തോലിക്കാ സഭയുടെ അതായതു് ക്രൈസ്തവ ലോകത്തിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായമാണ് ഞങ്ങളുടെ അഭിപ്രായം.

2. ഐശ്വര്യം, ബഹുമാനം, പാണ്ഡിത്യം എന്നിവയെ ഉപദേശി വിലയായി വിചാരിക്കുന്നെങ്കിൽ ഈ മൂന്നു നിലയിലും ഉപദേശി നില്ക്കുന്ന സഭയേക്കാൾ ഉയർന്നു നില്ക്കുന്നതാണ് കത്തോലിക്കാ സഭ. അതിനാൽ ഒരു ശ്രേഷ്ഠസഭയുടെ അഭിപ്രായമാണല്ലോ ഞങ്ങളുടെ അഭിപ്രായം.

3. തിരുസഭ ഞങ്ങൾ മാത്രമാണ്, ഞങ്ങളുടെ സഭയിലെ രക്ഷയുള്ളു എന്നു പറയുന്ന റോമൻ കത്തോലിക്കർക്ക് തങ്ങളുടെ ഈ അഭിപ്രായം കൊണ്ട് യാതൊരപകടവും വരികയില്ലെന്നാണ് ഉപദേശി അവർകളുടെ വിശ്വാസം. അതായതു്, ദുരുപദേശം പഠിപ്പിക്കുന്ന കത്തോലിക്കർക്കും രക്ഷയും മണവാട്ടി സ്ഥാനവും ഉണ്ടെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. അങ്ങിനെയെങ്കിൽ തിരുസഭ ഞങ്ങൾ മാത്രമാണ്, ഞങ്ങളുടെ സഭയിലെ രക്ഷയുള്ളു എന്നു ഞങ്ങൾ പറയുന്നപക്ഷം എന്താണു തരക്കേട്?

### പ്രസ്താവന.

"മിസ്റ്റർ സൈമന്റെ ഈ വിപരീതാഭിപ്രായത്തെ സംബന്ധിച്ച ചില സംഗതികൾ ചോദ്യ ഉത്തരമായി നടത്തുന്നതിനു സമ്മതമുണ്ടോ എന്നു് ഒന്നിലധികം പ്രാവശ്യം എഴുതിച്ചോദിച്ചതിൽ വിസമ്മതിച്ചിരിക്കുന്നു. കാരണമെന്തായിരിക്കുമെന്നു വേണ്ടവിധത്തിൽ അറിയുന്നില്ല."

### പ്രത്യുക്തി.

ഇദ്ദേഹം വാദപ്രതിവാദത്തിനു സമ്മതമുണ്ടോ എന്നു ഞ
ളോടു് എഴുതിച്ചോദിച്ചു എന്നു പറയുന്നതിൽ സത്യമുണ്ടു്. എന്നാ
'കാരണമെന്തായിരിക്കുമെന്നു് അറിയുന്നില്ല'എന്നു പറഞ്ഞതു കള്ള
ണു്. (കുറള നമ്പർ 3) ഞാൻ അദ്ദേഹത്തെ കാരണം ധരിപ്പിച്ചി
ട്ടുണ്ടു്. ഉപദേശി അവർകൾ വാദിക്കാൻ കഴിവില്ലാത്ത ആ
ണെന്നാണു് എന്റെ ബോധമെന്നും, നേരെമറിച്ചു് കഴിവുള്ള
ളാണെന്നു് സഫ്റഗൻ മെത്രാപ്പോലീത്താ അവർകളുടെ ഒരു
ർട്ടിഫിക്കേറ്റു ഹാജരാക്കിയാൽ വാദിക്കാമെന്നുമായിരുന്നു എന്റെ
മറുപടി. ഈ മറുപടിക്കുശേഷം സർട്ടിഫിക്കേറ്റു് ഹാജരാക്കി
ട്ടില്ല. തന്നിമിത്തം ഇദ്ദേഹം മർത്തോമ്മാ സഭയുടെ ഉപദേശങ്ങ
പിടിച്ചു വാദിക്കത്തക്കവണ്ണം വേദപുസ്തക പരിചയം ഉള്ള ആ
ണെന്നു മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു തന്നെ അഭിപ്രായ
ല്ലെന്നു തെളികയാൽ ഈ ഉപദേശിയുമായി ഇടപെടുന്നതിൽ
ന്നു ഞങ്ങൾ വിരമിക്കയാണുണ്ടായതു്".

### പ്രസ്താവന.

"ഇക്കാലത്തു് ജനങ്ങളെ കക്ഷിചേർത്തു് സഭയുണ്ടാക്കാൻ ശ്ര
മിക്കുന്ന ഉപദേഷ്ടാക്കന്മാരേയും അവരുടെ ഉപദേശത്തേയും ദൈ
മേൽ വളരെ സൂക്ഷിക്കേണ്ടതു് ആവശ്യമാകുന്നു."

### പ്രത്യുക്തി.

ഉപദേശി അവർകൾ ഈ 'പ്രസ്താവനയിൽ <u>വളരെ സൂക്ഷി</u>
<u>ക്കേണ്ടതാ</u>വശ്യമാകുന്നു' എന്നല്ലാതെ <u>സൂക്ഷിക്കുന്നതെന്തിനെന്നു്</u> പ
ഞ്ഞു കാണുന്നില്ല. രക്ഷയും മണവാട്ടി സ്ഥാനവും ഏതു സഭയി
നിന്നാലും കിട്ടുമെങ്കിൽ വളരെയെന്നല്ല ഒട്ടും സൂക്ഷിക്കേണ്ട ആവ
ശ്യമില്ലല്ലോ?

(തുടരും)

---

## ബുദ്ധമതം

(തുടർച്ച)

(5) <u>സന്യാസിത്വവും ഗാർഹസ്ഥ്യവും</u>: പ്രജ്ഞാതത്തോടുകൂടിയ
സ്ഥിതത്തെ നശിപ്പിക്കുവാൻ ഇച്ഛകളുടെ വിനാശം കൊണ്ടു മാ
ത്രമേ സാധിക്കയുള്ളു എന്നും, അതു സ്വാർത്ഥത്യാഗം കൊണ്ടു സാധി
ക്കേണ്ടതാണെന്നും മുൻപു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ ഒരു സാധാര
ണ ബുദ്ധമതസ്ഥനു് ഇച്ഛാനിഗ്രഹം തീരെ സാദ്ധ്യമല്ല. ഇതിന
ലത്രേ സന്യാസാശ്രമങ്ങൾ ഉണ്ടായതു്. ഈ ആശ്രമികൾക്കു മാത്ര

ദുഃഖരഹിതമായ നിൎവ്വാണത്തിൽ എത്തുവാൻ സാധിക്കയുള്ളു.
സാധാരണക്കാർ പിന്നെയും ജനിക്കേണ്ടിവരും. ഒന്നുകിൽ മനുഷ്യ
നായി ഭൂമിയിൽ മടങ്ങിവരിക; അല്ലാത്തപക്ഷം ഒരു പരിശുദ്ധ
നായി സ്വൎഗ്ഗങ്ങളിലൊന്നിൽ പോക. ഇതല്ലാത്തപക്ഷം നടത്തയു
ടെ താരതമ്യമനുസരിച്ചു് 136 നരകങ്ങൾ ഉള്ളതിൽ ഒന്നിൽ
പോവുക; സന്യാസികൾ സംഘാരാമങ്ങളിൽ അഥവാ വിഹാരങ്ങ
ളിൽ താമസിക്കുന്നു. ഒരു സംഘാരാമം എന്നതു് അനേക പൎണ്ണശാല
കളോടുകൂടിയ ഒരു തോട്ടമാണു്. സന്യാസികൾ ഭിക്ഷയെടുത്താ
ണു് ഉപജീവനം കഴിക്കുന്നതു്. അവർ ജനങ്ങളെ ഉപദേശിക്കു
ന്നു. അധികസമയവും ധ്യാനത്തിലും സമാധിയിലും കഴിക്കണമെ
ന്നാണു് അവരേക്കുറിച്ചുള്ള ചട്ടം. സന്യാസികളാണു ബുദ്ധമതക്കാരു
ടെ സംഘം. സാധാരണജനങ്ങൾ ഉപാസകന്മാർ (അടുത്തു നിൽക്കു
ന്നവർ) മാത്രമാണു്. ബുദ്ധൻ സ്ത്രീകളെ സന്യാസിനികളായി
സ്വീകരിച്ചതു് സ്വാഭിപ്രായത്താലല്ല. തന്റെ ഭാൎയ്യയുടേയും ആന
ന്ദൻ എന്ന ശിഷ്യന്റേയും അഭിമതപ്രകാരമാണു്. സന്യാസം സ്വീ
കരിക്കുന്നവൻ 'ത്രിശരണം' എന്നു പേരുള്ള മൂന്നു വചനങ്ങൾ പറ
യണം. ബുദ്ധം ശരണം ഗച്ഛാമി = ഞാൻ ബുദ്ധനെ ശരണം പ്രാ
പിക്കുന്നു. ധമ്മം ശരണം ഗച്ഛാമി = ഞാൻ ധമ്മത്തെ ശരണം
പ്രാപിക്കുന്നു. സംഘം ശരണം ഗച്ഛാമി = ഞാൻ സംഘത്തെ ശര
ണം പ്രാപിക്കുന്നു. ബുദ്ധമത സന്യാസികൾക്കു വേറെ ചില ചട്ടങ്ങ
ളും കൂടി അനുഷ്ഠിപ്പാനുണ്ടു്. അവയാവിതു: അസമയത്തു ഭക്ഷിച്ചു
കൂടാ; നാടകം നൃത്തം ഇവയിൽ സംബന്ധിച്ചുകൂടാ; ആഭരണം ധ
രിക്കരുതു്; സുഗന്ധവൎഗ്ഗം ഉപയോഗിക്കരുതു്. അധികം സുഖകര
മായ കിടക്കകളിൽ കിടക്കരുതു്. ആരിൽനിന്നും പൊന്നോ വെ
ള്ളിയോ സ്വീകരിക്കരുതു്.

(6) നിൎവ്വാണം. ബുദ്ധമതക്കാർ നിൎവ്വാണത്തിൽ എത്തുവാൻ
ആഗ്രഹിക്കുന്നു. നിൎവ്വാണം എന്നതിന്റെ താല്പൎയ്യം ഇച്ഛാരാ
ഹിത്യം എന്നത്രേ. ബുദ്ധമതക്കാർ അതിനു മൂന്നൎത്ഥം കല്പിക്കുന്നു. 1. നി
ത്യവിശ്രമം. 2. തീരെ ഇല്ലാതാവുക. 3. ഇച്ഛാദ്വേഷം, അജ്ഞാ
നം ഇവയുടെ നാശം. പലപ്പോഴും നിൎബ്ബന്ധിച്ചു ചോദിച്ചിട്ടും നി
ൎവ്വാണമെന്നതിന്റെ അൎത്ഥമെന്താണെന്നു ബുദ്ധൻ പറഞ്ഞിട്ടില്ല. പ്ര
സ്തുത പദത്തിന്റെ അൎത്ഥം തീരെ ഇല്ലാതാകുക എന്നല്ലായിരുന്നു എ
ങ്കിൽ ആ മിഥ്യാധാരണ നീക്കുവാനെങ്കിലും അദ്ദേഹം അതു പറയാതി
രിക്കില്ലായിരുന്നു. ബുദ്ധമതത്തിന്റെ പല വകുപ്പുകളിലായി ഈ
അൎത്ഥങ്ങൾ മൂന്നും ഉപയോഗപ്പെടുത്തിവരുന്നു. ഈ മൂന്നഭിപ്രായങ്ങ
ളും ബുദ്ധമതക്കാൎക്കു പൊതുവിൽ അപകൎഷഹേതുവത്രേ. അതുകൊണ്ടു
[illegible]യിൽ നിൎവ്വാണമെന്നതിനു പകരം അമിതാഭന്റെ പറു
ദീസയാണു വിശ്വസിക്കപ്പെടുന്നതു്. 'സുഖവതി' എന്നു പേരുള്ള
[illegible] ചൂടോ, തണുപ്പോ, ശിക്ഷയോ, ദോഷമോ ഇല്ലാത്ത
[illegible]. അതിൽ മനോഹരങ്ങളായ സരസ്സുകളും, ഫല

വൃക്ഷങ്ങളോടുകൂടിയ വഴികളുമുണ്ട്. ഇതിലെ നിവാസികളുടെ ആയുസ്സിന് അന്തമില്ല. പറുദീസ കൂടാതെ, ഭക്തിയുള്ള ബുദ്ധന്മാർ ചെന്നു പിറക്കുന്ന എണ്ണമില്ലാത്ത ലോകങ്ങളുമുണ്ട്. മററ് ഏതു മതത്തേക്കാളും അത്ര വളരെ ലോകങ്ങളെ ബുദ്ധമതം കണ്ടുപിടിച്ചിട്ടുള്ളതു തന്നെ ബുദ്ധമതക്കാരുടെ നിർവ്വാണത്തിന്റെ ഭയങ്കരത്വത്തെയും ജനങ്ങൾക്ക് അതിലുള്ള അസന്തുഷ്ടിയേയും തെളിയിക്കുന്നു.

(തുടരും)

---

# റോമാമതം—തുലാസിൽ.

(K. T. M.)

## അപ്രമാദിത്വം.

പാപ്പാ, വാക്കിലും പ്രവൃത്തിയിലും അപ്രമാദിയാണെന്ന് റോമാക്കാർ പറയുന്നു. ചിലർ ഈ അപ്രമാദിത്വം പാപ്പായിൽ മാത്രം സ്ഥിതിചെയ്യുന്നതെന്നും, വേറെ ചിലർ അതു പൊതു സംഘത്തിലാണെന്നും, മററു ചിലർ അതു സഭയിലാണെന്നും അന്യോന്യവിരുദ്ധമായി പ്രകടിപ്പിച്ചുകൊണ്ട് പ്രസ്തുത വിഷയത്തെപ്പററി ഐകമത്യമായി യാതൊരു തീരുമാനവും കൂടാതെയിരിക്കുന്നു. തെററില്ലായ്മ പാപ്പാക്കൾക്കു വിശുദ്ധ പത്രോസു മുഖാന്തരം ലഭിച്ചുവെന്നാണ് അവർ പറയുന്നതു്. പത്രോസു ജീവിച്ചിരുന്നതു ക്രിസ്ത്വാബ്ദം 67-ലും, പാപ്പാകൾ ഉണ്ടായതു 606-ലും ആണ്. ഇതിനിടയ്ക്കുള്ള 539 വർഷക്കാലം ഈ തെററില്ലായ്മ എവിടെയായിരുന്നു സ്ഥിതിചെയ്തിരുന്നതു്? കൊള്ളാം. നിങ്ങൾ പറയുന്നപ്രകാരം അതു പത്രോസിൽ ഇരുന്നു എന്നു സങ്കല്പിച്ചാലും ആ പത്രോസ് തെററില്ലാത്തവനായിരുന്നുവോ? ക്രിസ്തു പത്രോസിനെ നോക്കി, സംശയമാനസനെന്നും, 'അല്പവിശ്വാസി' എന്നും, (മത്താ. 14:31.) 'സാത്താനേ, എന്നെവിട്ടുപോ" എന്നും (മത്താ. 16:23) പറഞ്ഞിട്ടില്ലയോ? കൂടാതെ പത്രോസ് കുററക്കാരൻ എന്നു കണ്ടിട്ടു് പൌലോസ് അഭിമുഖമായി അവനെ ശാസിക്കയും ചെയ്തുവല്ലോ. (ഗലാ. 2:11.) ഇങ്ങിനെയിരിക്കെ നിങ്ങളുടെ തെററില്ലായ്മക്കു് ആധാരം എവിടെ? അതു സഭയിലും ഇല്ല, സംഘത്തിലും ഇല്ല; പാപ്പായിലുമില്ല; പത്രോസിലും ഇല്ല. എന്നാൽ അതു സർവ്വശക്തനിൽ മാത്രം ഇരിക്കുന്നു എന്നറിവിൻ. 1869 ഡിസംബർ 8-ാംനു- ലോകമൊട്ടുക്കുമുള്ള റോമമാർഗ്ഗ ബിഷോപ്പന്മാരിൽ 600 പേരോളം റോമാനഗരത്തിൽ കൂടിവന്ന് ആലോചനകഴിച്ചപ്പോൾ 450 പേർ വിശുദ്ധ പാപ്പാ ലൌകികമായും വൈദികമായും പറയുന്ന വാക്കുകളെല്ലാം സർവ്വത്ര സ്വീകരിക്കത്തക്ക അപ്രമാദിത്വമുള്ളവയെന്നും, അവൻ ചെയ്യുന്ന സകല തീരുമാനവും ദൈവതീരുമാനമെന്നും, യഥാർത്ഥമായ അപ്രമാദിത്വ അദ്ദേഹത്തിനു് ഉണ്ടെന്നും തീരുമാനിച്ചു. പാപിയ

സ്ത്രീയിൽനിന്നുജനിച്ച ഒരു മനുഷ്യൻ, തന്നെ ദൈവലക്ഷണങ്ങളുള്ളവൻ എന്നു ഭാവിച്ചുകൊണ്ടു തിരുസഭയിൽ ഈ വിധത്തിലുള്ള അധികാരം സ്ഥാപിക്കുന്നതിനുശ്രമിച്ചതു ഒരുവിധത്തിലും യോഗ്യമല്ലാ എന്നു അനേക റോമാക്കാർ തന്നെ അവരെ ശാസിച്ചതു കൂടാതെ ഔസ്ത്രിയാ ഗവൺമെൻറ് 1865-ൽ പാപ്പായുമായി ചെയ്തിരുന്ന ഉടമ്പടിയെ നിഷേധിക്കയും കൂടി ചെയ്തു. കർത്താവു തൻെറ രാജ്യം ഐഹികമല്ലാ എന്നു അരുളിച്ചെയ്തിരിക്കുന്നതിനെ റോമാമാർഗ്ഗക്കാരേ നിങ്ങൾ ചിന്തിക്കേണ്ടതല്ലയോ?

## സന്യാസമഠങ്ങൾ.

റോമാമാർഗ്ഗക്കാർ ഭക്തിവർദ്ധനയ്ക്കുവേണ്ടി സന്യാസാശ്രമങ്ങളും, കന്യാസ്ത്രീമഠങ്ങളും സ്ഥാപിച്ചിരിക്കുന്നതായിപ്പറയുന്നു. ഈമാതിരി സ്ഥാപനങ്ങളെപ്പററി പഴയനിയമത്തിലോ പുതിയനിയമത്തിലോ ഒരു വചനംപോലും കാണുന്നില്ല. ഇവ ക്രിസ്തുവം 328-ൽ അന്തോണീസ് പുണ്യവാളനാൽ ഇദംപ്രഥമമായി സ്ഥാപിക്കപ്പെട്ടതത്രേ. പാപത്തിൽ ജനിച്ചു പിശാചിൻെറ വലയിൽ പെട്ടിരിക്കുന്ന ചില പുരുഷന്മാരേയും സ്ത്രീകളേയും തിരഞ്ഞെടുത്തു അവരെ മഠങ്ങളിൽ ഇട്ടു അടച്ചുവെക്കുന്നതിനാൽ അവരുടെ പാപചിന്ത അവരെ വിട്ടുപോകുമോ? കുററക്കാരനെ വിലങ്ങിട്ടു സൂക്ഷിക്കുന്നതിനാൽ അവൻെറ ദുഷ്പ്രവൃത്തിക്കു ഒരു തടവുണ്ടാകുമെന്നല്ലാതെ അവൻെറ ദുഃസ്വഭാവത്തിനു അതുകൊണ്ടു പരിഹാരമുണ്ടാകുമോ? മനസ്സുകൊണ്ടു ചെയ്യുന്ന പാപത്തിനുവേണ്ടി ദൈവം ശിക്ഷിക്കയില്ലയോ? അങ്ങിനെയെങ്കിൽ റോമാക്കാരേ, നിങ്ങൾ ഈ ലോകത്തിലുള്ള സകല മനുഷ്യർക്കും സന്യാസമഠങ്ങൾ കെട്ടി അവരെ അതിൽ അടച്ചുപൂട്ടി പാപത്തിൽനിന്നു എന്തുകൊണ്ടു വിടുവിക്കുന്നില്ല? അങ്ങിനെ ചെയ്യുന്നപക്ഷം ഭൂലോകത്തിൽ ഒരു തലമുറയ്ക്കുള്ളിൽ ഒരു ദോഷവും ഇല്ലാതവണ്ണം അതുചെയ്‌വാൻ നിങ്ങൾക്കു സാധിക്കുമല്ലോ. പൂർവ്വികഭക്തന്മാരിൽ ചിലർ മരണം കൂടാതെ തന്നെ ഉടലോടെ സ്വർഗ്ഗത്തിലേക്കു എടുത്തുകൊള്ളപ്പെട്ടിട്ടില്ലയോ? നിർബന്ധത്താലും കെട്ടുപാടുകൊണ്ടും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു പ്രയത്നപ്പെടുന്നതിനേക്കാൾ, എവിടെയും ഇരുന്നുകൊണ്ടു പാപത്തെ മനഃപൂർവ്വം വെറുത്തു ദൈവേഷ്ടപ്രകാരം നടക്കുന്നതത്രേ ഉത്തമമാർഗ്ഗം. സന്യാസിമഠങ്ങൾകൊണ്ടു പ്രയോജനമില്ല എന്നു താഴെ വരുന്ന വാക്യങ്ങൾ വെളിപ്പെടുത്തുന്നു.

“വിളക്കു കത്തിച്ചു പറയിൻകീഴെയല്ല തണ്ടിന്മേലത്രേ വെക്കുന്നതു; അപ്പോൾ അതു വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു. അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ” മത്താ. 5: 15; 16.

ഈ വാക്യങ്ങൾ വായിച്ചു ധ്യാനിപ്പിൻ. (തുടരും)

# കലെയിസിലെ ധീരന്മാർ

കലെയിസ് ഫ്രാൻസിലെ ഒരു പട്ടണമാകുന്നു. മററു ഫ്രഞ്ചുപട്ടണങ്ങളെക്കാൾ ഇംഗ്ലണ്ടിനോട് അധികം അടുത്തിരിക്കുന്നതു് ഈ പട്ടണമാണു്. ഫ്രഞ്ചുരാജാവിൻെറ കയ്യിൽനിന്നു ഇംഗ്ലണ്ടിലെ രാജാവായ മൂന്നാംഎഡ്വർഡ് ഈ പട്ടണം കൈക്കലാക്കിയ വിധം താഴെ കാണുന്ന കഥകൊണ്ടു മനസ്സിലാകും.

കലെ പട്ടണത്തിലെ ജനങ്ങൾ ഇംഗ്ലീഷ് പടയാളികൾ വരുന്നതു കണ്ടപ്പോൾ നഗരവാതിലുകൾ അടച്ചുകളഞ്ഞു. ബലവത്തായ മതിലിനെയും പ്രവേശദ്വാരത്തെയും ഭേദിപ്പാൻ താൻ ശക്തനല്ലെന്നു കാണുകയാൽ എഡ്വർഡു രാജാവു പുറത്തു ചെറിയ കുടിലുകൾ ഉണ്ടാക്കി അതിൽ താനും തൻെറ അനുചരന്മാരും പാളയം അടിച്ചുകിടന്നു.

പട്ടണത്തിൽ നിന്നു ആരും പുറത്തേക്കു പോകുന്നതിനും അകത്തോട്ടു കയറുന്നതിനും രാജാവു സമ്മതിച്ചില്ല. പട്ടണക്കാരുടെ ആഹാരം തീരുമ്പോൾ അവർ നഗരവാതിൽ തുറന്നു താനെ പുറത്തുവരുമെന്നു് അദ്ദേഹത്തിനു അറിയാമായിരുന്നു.

ആദിയിൽ നഗരവാസികൾക്കു പ്രത്യാശയുണ്ടായിരുന്നു, ഫ്രഞ്ചുരാജാവു വന്നു അവരെ സഹായിച്ചു ഇംഗ്ലീഷ്കാരെ ഓടിച്ചുകളയുമെന്നായിരുന്നു അവരുടെ വിചാരം. ഓരോരുത്തരും ദിനംപ്രതി അല്പംമാത്രം ഭക്ഷിച്ചുകൊണ്ടു വേണ്ടിവന്നാൽ ദീർഘദിവസങ്ങൾ കാത്തിരിപ്പാൻ നിശ്ചയിച്ചു. എങ്കിലും സഹായം ഉണ്ടായില്ല. അധികം താമസിയാതെ ഭക്ഷണസാധനങ്ങൾ തീരുകയും ജനങ്ങൾ ക്ഷുൽപീഡിതരാവുകയും ചെയ്തു.

അനന്തരം അവർ കുതിര, പട്ടി, പൂച്ച ഇവയെ തിന്നാൻ തുടങ്ങി. അവർ എലികളെപ്പോലും പിടിച്ചു തിന്നതായി പറയപ്പെട്ടിരിക്കുന്നു. എന്നിട്ടും സഹായം ഉണ്ടായില്ല. ഒടുവിൽ തിന്മാൻ യാതൊന്നും ഇല്ലെന്നു വന്നപ്പോൾ ഇനിയും കാത്തിരിക്ക സാധ്യമല്ലെന്നു കണ്ടു തങ്ങളുടെ ജീവനെ രക്ഷിക്കാമെങ്കിൽ പട്ടണം വിട്ടുതരുന്നതിനു മനസ്സാണെന്നു് ഇംഗ്ലീഷ് രാജാവിനെ അറിയിച്ചു. എന്നാൽ അത്രവളരെക്കാലം കാത്തുകിടന്നതുകൊണ്ടു് അദ്ദേഹം കോപിഷ്ഠനായി തീർന്നിരുന്നു. അദ്ദേഹം അവരോടു ഇപ്രകാരം മറുപടിപറഞ്ഞു:—

"നഗരവാസികളിൽ ഉൽകൃഷ്ടന്മാരായ ആറുപേർ തലയിൽ തൊപ്പിയും കാലിൽ ചെരിപ്പും ധരിക്കാതെ കഴുത്തിൽ കയറുമായി എൻെറ അടുക്കൽ വന്നു നഗരത്തിൻെറ താക്കോലുകൾ വച്ചു കീഴടങ്ങുന്നപക്ഷം ആ ആറുപേരോടു എൻെറ ഇഷ്ടംപോലെ ചെയ്യുന്നതും ബാക്കിയുള്ളവരെ രക്ഷിക്കാവുന്നതുമാണു്."

സാധുക്കളും പട്ടിണികൊണ്ടു മരിപ്പാറായി കിടക്കുന്നവരുമായ

മനസ്സലിഞ്ഞു കരവാൻ തുടങ്ങി. രാജാവിന്റെ മുൻപാകെ മുട്ടുകുത്തിക്കൊണ്ടു് അവർ ഇങ്ങനെ പറഞ്ഞു:-

“ശാന്തനായ പ്രഭോ! അങ്ങേ കാണ്മാൻ ഞാൻ കടൽ കടന്നു് ഇവിടെ എത്തി. അങ്ങു് എനിക്കു യാതൊരു സമ്മാനവും തന്നില്ല. എന്നെ അങ്ങു സ്നേഹിക്കുന്നുവെങ്കിൽ ഈ ധീരന്മാരുടെ ജീവൻ എനിക്കായി തരണം” എന്നു ഞാൻ അപേക്ഷിക്കുന്നു.

അധികനേരത്തേക്കു എഡ്വെർഡു രാജാവു ഒന്നും പറഞ്ഞില്ല. ഒടുവിൽ അദ്ദേഹം ഇങ്ങനെ കല്പിച്ചു:-

„മാന്യയായ എന്റെ പ്രിയതമേ! നീ ഇവിടെയില്ലായിരുന്നുവെങ്കിൽ നന്നായിരുന്നു, കാരണം ഇത്ര മനസ്സലിഞ്ഞു നീ അപേക്ഷിക്കുമ്പോൾ സാധിക്കയില്ലെന്നു നിന്നോടു പറവാൻ എനിക്കു കഴികയില്ല. അവരെ ഞാൻ നിനക്കു തരുന്നു നിന്റെ ഇഷ്ടംപോലെ അവരോടു ചെയ്തുകൊൾക.”

ഈ സൽബുദ്ധികൾക്കു അറുപേർക്കും ഭക്ഷണവും വസ്ത്രവും കൊടുക്കണമെന്നാണു് മനസ്വിനിയായ ആ രാജ്ഞിക്കു തോന്നിയതു്. അതു ചെയ്തശേഷം അവരെ തിരിയെ പട്ടണത്തിലേക്കയച്ചു. ഇങ്ങിനെ അവരും കലേ പട്ടണക്കാരും രക്ഷപെട്ടു. ആ രാത്രി മേല്ലി നഗരവാസികൾക്കു് എത്ര ആനന്ദകരമായിരുന്നിരിക്കണം.

ഈ കഥ ഹൃദയാവർജ്ജകമായ ഒരു സുവിശേഷ ചിത്രമത്രേ. എഡ്വർഡു രാജാവു ദൈവനീതിയെയും, രാജ്ഞിമദ്ധ്യസ്ഥനേയും, പട്ടണക്കാരോടു കാണിച്ച കരുണ കൃപയാലുള്ള രക്ഷയേയും തെളിയുംവണ്ണം കാണിക്കുന്നു.

# അവസരോക്തി.

മുഖം പത്മദളാകാരം
വചശ്ചന്ദനശീതളം
ഹൃദയം വഹ്നിസന്തപ്തം
ത്രിവിധം ധൂർത്തലക്ഷണം.

സാരം:—മുഖം താമര ഇതളിന്റെ ആകൃതിയിലും, വാക്കു ചന്ദനമെന്നപോലെ തണുത്തും, ഹൃദയം അഗ്നിപോലെ ചുട്ടുപിടിച്ചും ഇങ്ങിനെ മൂന്നുവിധമാണു് ധൂർത്തന്മാരുടെ ലക്ഷണം.